# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## വാകത്താനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെടിഎം പി.10/1637/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 28/10/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാകത്താനം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെടിഎം പി.10/1637/2024 തീയ്യതി: 28/10/2024

# കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2023 മുതൽ 31-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2024 | 27-09-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-09-2024 | 27-09-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സുലത ഡി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.ലേഖ വി,ഓഡിറ്റ് ഓഫീസർ
ശ്രീമതി.സാറാമ്മ ജോൺ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഉണ്ണികൃഷ്ണൻ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബു.റ്റി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.റോസമ്മ മത്തായി | പ്രസിഡന്റ് | 01-04-2023 | 31-01-2024 |
| ശ്രീ.മാത്യു പോൾ | പ്രസിഡന്റ് | 01-02-2024 | 15-02-2024 |
| ശ്രീമതി.ഗീത രാധാകൃഷ്ണൻ | പ്രസിഡന്റ് | 16-02-2024 | 31-03-2024 |
| ശ്രീ.അനിൽകുമാർ ഡി | സെക്രട്ടറി | 01-04-2023 | 14-07-2023 |
| ശ്രീമതി.ജസ്ലിയ ബീവി എം എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-07-2023 | 11-12-2023 |
| ശ്രീ.രാജേന്ദ്രകുമാർ .എ | സെക്രട്ടറി | 12-12-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.,ഷൈല ഇ | വി.ഇ.ഒ(തോട്ടയ്ക്കാട്) | 01-04-2023 | 31-03-2024 |
| ശ്രീ.നിഖിൽ രാജ് എ.ആർ | വി.ഇ.ഒ (വാകത്താനം) | 01-04-2023 | 31-03-2024 |
| ശ്രീമതി. ദിവ്യ വി.ആൻഡ്രൂസ് | ഐ .സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.പ്രീതി രാജ് | ഹെഡ്മിസ്ട്രസ് ,വിവേകാനന്ദ എൽപിഎസ് പാറാൽ | 01-04-2023 | 31-03-2024 |
| ഡോ. നിത എം.എസ്. | മെഡിക്കൽ ഓഫീസർ (ആയുർ) | 01-04-2023 | 31-03-2024 |
| ഡോ.പ്രീത എൻ. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ.സിജി വർഗീസ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 01-04-2023 | 31-03-2024 |
| ശ്രീമതി.ഗേളി മേരി ജോർജ്ജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ.മായ ജയിംസ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| പ്രസന്നകുമാരി റ്റി.എസ്. | അസി.സെക്രട്ടറി | 01-04-2023 | 03-07-2023 |
| ശ്രീമതി.ജസ്ലിയ ബീവി എം എ | അസി.സെക്രട്ടറി | 04-07-2023 | 31-03-2024 |
| ശ്രീമതി.ജയലക്ഷ്മി എൻ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 18-07-2023 |
| ശ്രീ.സജി.പി.വിജയൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 02-08-2023 | 31-03-2024 |
| ശ്രീമതി.രശ്മി പ്രഭാകർ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമസി.പ്രീതി.സി | അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 26-05-2023 |
| ശ്രീമതി.ശ്യാമ ധരൻ | അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 30-05-2023 | 16-02-2024 |
| ശ്രീ.സനീഷ് ദിനേശൻ | ഫിഷറീസ് ഓഫീസർ | 17-02-2024 | 27-03-2024 |
| ശ്രീമതി.ഐശ്വര്യ സാലി | ഫിഷറീസ് ഓഫീസർ | 28-03-2024 | 31-03-2024 |

19.07.2023 മുതൽ 01.08.2023 വരെ ഡയറി ഫാം ഇൻസ്പെക്ടർ തസ്തിക ഒഴിവായിരുന്നു 27.05.2023 മുതൽ 29.05.2023 വരെ അസി. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ തസ്തിക ഒഴിവായിരുന്നു

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | B-4 & B-17 ഷെഡ്യൂളുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ബി 5 & ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല | 1-1-6 |
| 8 | ഡെപ്പോസിറ്റ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | രജിസ്റ്റർ പ്രകാരമുള്ള ഡി. സി. ബി സംഗ്രഹം വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ഫെസ്റ്റിവൽ അഡ്വാൻസ് തുക ക്രമീകരിച്ചില്ല | 1-1-9 |
| 11 | Capital Work In Progress - തുകയുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമായില്ല | 1-1-10 |
| 12 | ബജറ്റ്-വിശകലനം | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | സർക്കാർ ഗ്രാന്റ് വിനിയോഗത്തിലെ കുറവ് - ഗ്രാമ പഞ്ചായത്തിന് നഷ്ടമാകുന്നത് 40.04 ലക്ഷം രൂപ | 1-4-1 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | വാർഷികപദ്ധതി | 1-5 |
| 17 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 18 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 20 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | ഗണ്യമായ തുക കറന്റ് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു | 1-11 |
| 23 | വസ്തു നികുതി പരിഷ്കരണം - കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമാക്കിയില്ല | 1-12 |
| 24 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു | 1-13 |
| 25 | മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല | 1-14 |
| 26 | തൊഴിൽ നികുതി ഒടുക്കിയില്ല. | 1-15 |
| 27 | വാടക ഈടാക്കിയില്ല. | 1-16 |
| 28 | അടിസ്ഥാന വാടകയേക്കാൾ കുറഞ്ഞ നിരക്കിൽ വാടക ഈടാക്കി | 1-17 |
| 29 | ബിൽഡിംഗ് പെർമിറ്റ് - അധിക മേൽക്കൂര നിർമ്മാണം പെർമിറ്റ് പരിധിയിൽ കൊണ്ടുവന്നില്ല | 1-18 |
| 30 | അംഗീകൃത ബിൽഡിംഗ് പെർമിറ്റിൽ അധികരിച്ചുള്ള നിർമ്മാണം ക്രമവത്കരിച്ചില്ല | 1-18 (എ) |
| 31 | ഭൂവികസന/കെട്ടിട നിർമ്മാണ പെർമിറ്റുകൾ അനുവദിയ്ക്കുന്നതിൽ ഗുരുതര ക്രമക്കേട് - അനധികൃത നിർമ്മാണങ്ങൾ നിയന്ത്രിക്കുന്നതിൽ വീഴ്ച | 1-19 |
| 32 | ലൈസൻസ് ഫീസ് - കുറഞ്ഞ നിരക്കിൽ ഈടാക്കി | 1-20 |
| 33 | കേരള വാട്ടർ അതോറിറ്റി നിക്ഷേപ പ്രവൃത്തി - റീഫണ്ട് തുക ക്രമീകരിച്ചില്ല | 1-21 |
| 34 | അങ്കണവാടി കേന്ദ്രവിഹിതം ചെലവഴിയ്ക്കാതെ അവശേഷിക്കുന്നു | 1-22 |
| 35 | ഐ. സി. ഡി. എസ് ഗ്രാന്റ് - തുക ക്രമീകരിച്ചില്ല | 1-23 |
| 36 | കമ്മിറ്റി തീരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ സബ്സിഡി അനുവദിച്ചിരിക്കുന്നു | 1-24 |
| 37 | ഭവനപുനരുദ്ധാരണം- അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ -പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-25 |
| 38 | ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക - പേരന്റ് അക്കൗണ്ടിലേയ്ക്ക് തിരികെ പോയത് പഞ്ചായത്തിന് തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-26 |
| 39 | എസ്.എസ്.എൽ.സി, ഹയർസെക്കൻണ്ടറി തുല്യതാകോഴ്സ് -പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല. | 1-27 |

| | | |
|---|---|---|
| 40 | പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ- പൂർത്തീകരണവിവരവും ചെലവുതുകയുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമായിട്ടില്ല | 1-28 |
| 41 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-29 |
| 42 | അങ്കണവാടിക്ക് സ്ഥലം വാങ്ങൽ- പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ നടപടി ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല | 1-30 |
| 43 | വെള്ളക്കരം ഇനത്തിൽ ഭീമമായ തുക ചെലവഴിക്കുന്നു | 1-31 |
| 44 | ലൈഫ് ഭവനപദ്ധതി-ഭവനനിർമ്മാണം പൂർത്തിയാക്കാതെ അവശേഷിക്കുന്നു | 1-32 |
| 45 | ടോയ് ലറ്റ് നിർമ്മാണത്തിന് വർഷങ്ങൾക്കുമുൻപ് ആവിഷ്ക്കരിച്ച പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല | 1-33 |
| 46 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക ക്രമീകരിച്ചിട്ടില്ല. | 1-34 |
| 47 | ടാക്സിസ്റ്റാന്റിന് സ്ഥലം ഏറ്റെടുക്കൽ- ഗ്രാമപഞ്ചായത്തിന്റെ ബാധ്യത ഗണ്യമായി വർദ്ധിച്ചുവരുന്നു - പരിഹാരനടപടികൾ അനിശ്ചിതത്വത്തിൽ | 1-35 |
| 48 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- കേരളത്തിലെ മാലിന്യസംസ്ക്കരണം ഹരിതകർമ്മസേനയിലൂടെ | 1-36 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

**1-1-1 പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല**

പഞ്ചായത്തിന്റെ 31.03.2024 തീയതിയിലെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

**1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്**

1) വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും, 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും, ഭരണസമിതിയുടെ 22.05.2024 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച്, 27.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2024 -ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 -ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി : 28.10.2024** **ഡെപ്യൂട്ടി ഡയറക്ടർ**

**1-1-2 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല**

ബി 18 ഷെഡ്യൂളിലെ 460500399, 460500202, 460500204, 460500801 എന്നീ ശീർഷകങ്ങളിൽ നിലനിൽക്കുന്ന യഥാക്രമം 11,908,449/- രൂപ, 6,700,612/- രൂപ, 3,314,000/- രൂപ, 1,921,604/- രൂപ എന്നീ മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല. വിവിധ നിക്ഷേപ പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി, മുൻകൂർ തുകകൾ യഥാവിധി ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല**

26.07.2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

**1-1-4 B-4 & B-17 ഷെഡ്യൂളുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല**

ICDS ഗ്രാന്റ് വിഭാഗത്തിൽ, B-4 & B-17 ഷെഡ്യൂളുകളിലെ തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു. ഖണ്ഡിക (1-23 ) കാണുക

**1-1-5 ബി 5 & ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല**

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ബി 5 – Secured Loans, ബി 16 – Prepaid Expenses എന്നീ ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല.

**1-1-6 മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല**

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും, തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യ പത്രികയിൽ നൽകിയിട്ടുള്ള മൂലധന ആസ്തികളുടെയും അവയുടെ മൂല്യശോഷണത്തിന്റെയും കണക്കുകൾ കൃത്യമല്ല.

**1-1-7 ഡെപ്പോസിറ്റ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല**

RP-33/340100301 (Contractors Retention), RP-33/340200101 (Rent Deposit) എന്നീ ശീർഷകങ്ങളിലെ തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

**1-1-8 രജിസ്റ്റർ പ്രകാരമുള്ള ഡി. സി. ബി സംഗ്രഹം വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല**

വിവിധ വരവിനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള ഡി. സി. ബി സംഗ്രഹം, വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

**1-1-9 ഫെസ്റ്റിവൽ അഡ്വാൻസ് തുക ക്രമീകരിച്ചില്ല**

ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ, B-9/350110199 ശീർഷകത്തിൽ നിലനിൽക്കുന്ന 15,000/- രൂപ ക്രമീകരിച്ചിട്ടില്ല. ആയത് യഥാവിധി ക്രമീകരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-1-10 Capital Work In Progress - തുകയുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമായില്ല**

B-11(B)/412010101-Capital Work In Progress ശീർഷകത്തിൽ 21,37,892/- രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമായില്ല.

**1-2 ബജറ്റ്-വിശകലനം**

2023-24 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 28.03.2023ലെ 1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 05.02.2024 -ലെ 1/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ്, പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | |
|---|---|---|
| | ആദ്യത്തേത് | പുതുക്കിയത് |
| മുന്നിരിപ്പ് | 25243323 | 35554936 |
| വരവ് | 289361000 | 289176397 |
| ആകെ | 314604323 | 324731333 |
| ചെലവ് | 312486000 | 295434867 |
| നീക്കിയിരിപ്പ് | 2118323 | 29296466 |

പുതുക്കിയ ബജറ്റ് പ്രകാരം 324731333/- രൂപ ആകെ വരവും 295434867/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2023-24 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 15.19കോടി രൂപയും ചെലവ് 14.73 കോടി രൂപയുമാണുള്ളത്. ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുക മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിൽ വിഹിതം വിഭജിച്ച്, വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് ശുപാർശകൾ എല്ലാം പരിഗണിച്ച് യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-3 സാമ്പത്തിക വിശകലനം**

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക 2023-24**

| | |
|---|---|
| മുന്നിരിപ്പ് (01/04/2023 | 2,70,36,921 |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 7,06,65,678 |
| ആകെ | 9,77,02,599 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 6,26,11,423 |
| നീക്കിയിരിപ്പ് (31/03/2024) | 3,50,91,176 |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2023-24**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 15,19,71,751 |
| ഓഡിറ്റ് വർഷത്തെ ചെലവ് (Expenditure) | 14,73,33,569 |
| പ്രവർത്തന മിച്ചം (Gross Surplus) | 4638182 |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | -2123601 |
| അറ്റ പ്രവർത്തനമിച്ചം (Net Surplus) | 6,761,783.0 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 488685/- |

**1-4-1 സർക്കാർ ഗ്രാന്റ് വിനിയോഗത്തിലെ കുറവ് - ഗ്രാമ പഞ്ചായത്തിന് നഷ്ടമാകുന്നത് 40.04 ലക്ഷം രൂപ**

ധനകാര്യ വകുപ്പിന്റെ 15.07.2021 -ലെ ജി. ഒ (എം.എസ്) 79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം, ആകെ അനുവദിച്ച തുകയുടെ പരമാവധി 20 % മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. ചെലവ് പരിധി 80 % കൈവരിയ്ക്കാത്ത സാഹചര്യത്തിൽ യഥാർത്ഥ ചെലവും അലോട്ട്മെന്റിന്റെ 80 % -വും തമ്മിലുള്ള വ്യത്യാസം (Total Allotment X 80% - Actual Expenditure) ഷോർട്ട് ഫോളായി പരിഗണിച്ച്, തുടർന്നു വരുന്നതിന്റെ അടുത്ത സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ നിന്ന് കുറവു വരുത്തുന്നതാണ്. 2023-24 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന്, വികസന ഫണ്ട് - പൊതു വിഭാഗം, എസ്. സി. എസ്. പി, ടി. എസ്. പി, മെയിന്റനൻസ് ഗ്രാന്റ് (റോഡ്) എന്നീ ഇനങ്ങളിൽ നിശ്ചിത 80% പരിധി അധികരിച്ച് ചെലവഴിയ്ക്കാനായിട്ടില്ല. തൻമൂലം ഷോർട്ട് ഫോളായി **40,04,406/-** രൂപയാണ് 2025-2026 സാമ്പത്തിക വർഷത്തിൽ നഷ്ടമാകുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | അലോട്ട്മെന്റ് (₹) | യഥാർത്ഥ ചെലവ് (₹) | ചെലവ് ശതമാനം (%) | 2024-25 ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (20%) (₹) | ഷോർട്ട് ഫോൾ ഇനത്തിൽ 2025-26 -ൽ നഷ്ടമാകുന്ന തുക |
|---|---|---|---|---|---|
| വികസന ഫണ്ട് GENERAL | 2,44,91,000/- | 1,87,81,227/- | 76.68 | 48,98,200/- | 8,11,573/- |
| വികസന ഫണ്ട് SCSP | 45,56,000/- | 32,81,001/- | 72.01 | 9,11,200/- | 3,63,799/- |
| വികസന ഫണ്ട് | 2,77,000/ | 1,65,432/- | 59.72 | 55,400/- | 56,168/- |

| | | | | | |
|---|---|---|---|---|---|
| TSP | | | | | |
| മെയിന്റനൻസ് ഗ്രാന്റ് ROAD | 74,84,000/- | 32,14,334/- | 42.94 | 14,96,800/- | 27,72,866/- |
| **ആകെ** | | | | | **40,04,406/-** |

ഗ്രാമ പഞ്ചായത്തിന് വാർഷിക പദ്ധതി നിർവ്വഹണത്തിനായി ലഭിച്ച തുക, സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കാതെ നഷ്ടപ്പെടുത്തിയ നടപടി അംഗീകരിക്കാവുന്നല്ല. ഷോർട്ട് ഫോളിലൂടെ ഗ്രാമ പഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാകുന്നത് ഒഴിവാക്കാൻ ഭാവിയിൽ മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് , നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-4 ഗ്രാന്റ് വിനിയോഗം

വാകത്താനം ഗ്രാമ പഞ്ചായത്തിന്റെ, 2023-2024 സാമ്പത്തിക വർഷത്തെ, വിവിധ ഗ്രന്റുകളുടെ അലോട്ട്മെന്റ്, വിനിയോഗം, നീക്കിയിരിപ്പ്/ലാപ്സായ തുക തുടങ്ങിയവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് GENERAL | 0 | 2,44,91,000/- | 2,44,91,000/- | 1,87,81,227/- | 57,09,773/- | 76.68 |
| വികസന ഫണ്ട് SCSP | 0 | 45,56,000/- | 45,56,000/- | 32,81,001/- | 12,74,999/- | 72.01 |
| വികസന ഫണ്ട് TSP | 0 | 2,77,000/- | 2,77,000/- | 1,65,432/- | 1,11,568/- | 59.72 |
| മെയിന്റനൻസ് ഗ്രാന്റ് ROAD | 0 | 74,84,000/- | 74,84,000/- | 32,14,334/- | 42,69,666/- | 42.94 |
| മെയിന്റനൻസ് ഗ്രാന്റ് NON ROAD | 0 | 39,08,000/- | 39,08,000/- | 33,61,287/- | 5,46,713/- | 86.01 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് TIED | 51,33,093/- | 30,41,500/- | 81,74,593/- | 8,96,531/- | 72,78,062/- | 10.96 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് UNTIED | 6,84,912/- | * 42,45,061/- | 49,29,973/- | 31,38,046/- | 17,91,927/- | 63.65 |
| ഹെൽത്ത് ഗ്രാന്റ് Diagnostic Infrastructure To PHC | 13,152/- | 10,84,304/- | 10,97,456/- | 8,68,667/- | 2,28,789/- | - |
| ഹെൽത്ത് ഗ്രാന്റ് Buildingless Subcentres, PHC & CHC | 0 | 28,05,500/- | 28,05,500/- | 0 | 28,05,500/- | - |
| ഹെൽത്ത് ഗ്രാന്റ് Conversion Into Health & Wellness Centres | 1927 | 4,44,855/- | 4,46,782/- | 49,170/- | 3,97,612/- | - |
| ലൈഫ് ഭവന പദ്ധതി State Share | 5,50,000/- | 61,80,000/- | 67,30,000/- | 56,60,000/- | 10,70,000/- | - |
| ICDS ഗ്രാന്റ് | 17,34,980/- | 27,83,518/- | 45,18,498/- | 6,47,316/- | 38,71,182/- | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 90,940/- | 2,52,000/- | 3,42,940/- | 2,52,000/- | 90,940/- | - |

* 40,55,000/- (CFC Grant) + 1,90,061/- (Bank Interest) = 42,45,061/-

വികസന ഫണ്ട് അലോട്ട്മെന്റിൽ നിന്ന് KURDFC വായ്പ തിരിച്ചടവിനും, അങ്കണവാടി ഹോണറേറിയത്തിനും, സ്രോതസ്സിൽ കുറവ് ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് | അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | അറ്റ അലോട്ട്മെന്റ് |
|---|---|---|---|
| വികസന ഫണ്ട് GENERAL | 2,44,91,000/- | 288/24 : 8,48,127/-<br>293/24 : 8,48,127/-<br>297/24 : 8,48,127/-<br>287/24 : 4,96,400/-<br>291/24 : 4,96,400/-<br>296/24 : 4,96,400/-<br>ആകെ : 40,33,581/- | 2,04,57,419/- |
| വികസന ഫണ്ട് SCSP | 45,56,000/- | 290/24 : 2,46,097/-<br>294/24 : 2,46,097/-<br>298/24 : 2,46,097/-<br>ആകെ : 7,38,291/- | 38,17,709/- |
| വികസന ഫണ്ട് TSP | 2,77,000/- | 299/24 : 9,299/-<br>289/24 : 9,300/-<br>295/24 : 9,300/-<br>ആകെ : 27,899/- | 2,49,101/- |

1) ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

2) ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Untied ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 1,90,061/- രൂപ വരവായി ACR, ഗ്രാന്റ് പത്രിക എന്നിവയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ, ACR, ഗ്രാന്റ് പത്രികയിലെ അലോട്ട്മെന്റ് എന്നിവയിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.

സർക്കാർ ഗ്രാന്റുകളുടെയും, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും, അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലും, പ്രസ്തുത അപാകതകൾക്ക് വിധേയമായിട്ടാണ്, ഓഡിറ്റ് റിപ്പോർട്ട് അനുബന്ധം-2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി

തദ്ദേശഭരണസ്ഥാപനങ്ങളെ പ്രാദേശികസാമ്പത്തിക വളർച്ചയുടെ പ്രഭവകേന്ദ്രങ്ങളായി മാറ്റുക, പ്രകൃതിവിഭവങ്ങൾ സംരക്ഷിച്ചുകൊണ്ട്സുസ്ഥിരവികസനം ഉറപ്പുവരുത്തുക, കാലാവസ്ഥാവ്യതിയാനത്തേയും പ്രകൃതി ദുരന്തങ്ങളേയും അതിജീവിക്കുന്നതിനുള്ള കഴിവുകൾ ആർജ്ജിക്കാൻ സമൂഹത്തെ സഹായിക്കുക ,സമഗ്രമായ സാമൂഹ്യസുരക്ഷയും ദാരിദ്ര്യത്തിൽനിന്നുള്ള പൂർണ്ണമായ മോചനവും ഉറപ്പുവരുത്തുക എന്നീ സുപ്രധാനലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഗ്രാമ-ബ്ലോക്ക് ജില്ലാപഞ്ചായത്തുകൾക്കുവേണ്ടിയുള്ള 14-ാം പഞ്ചവത്സരപദ്ധതിയുടെ മാർഗ്ഗരേഖ സർക്കാർപുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ലക്ഷ്യങ്ങൾ മുൻനിർത്തി വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങളും സ്വീകരിക്കേണ്ട പ്രവർത്തനഘട്ടങ്ങളും ആയതിന്റെ സമയക്രമവും മാർഗ്ഗരേഖാ ഉത്തരവിൽ വ്യക്തമാക്കിയിട്ടുമുണ്ട്. ഗ്രാമ പഞ്ചായത്ത് 2023-24 വാർഷികപദ്ധതി രൂപീകരണത്തിൽ മാർഗ്ഗരേഖപ്രകാരമുള്ള പ്രവർത്തന കലണ്ടറിലെ സമയക്രമമനുസരിച്ച് പിൻതുടർന്ന പ്രവർത്തനഘട്ടങ്ങളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതിയോഗം | 22-12-22 |

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 30-12-22, 8-3-23 |
| നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | 18-1-23 |
| ഊരുകൂട്ടയോഗം | 10-1-23 |
| ഭിന്നശേഷി ഗ്രാമസഭ | 7-3-23 |
| പദ്ധതി ആസൂത്രണഗ്രാമസഭകൾ | 13-2-23 |
| ഗുണഭോക്തൃ ഗ്രാമസഭകൾ | 10-4-23 മുതൽ 23-4-23വരെ |
| വികസനസെമിനാർ | 25-1-2023 |
| വികസനരേഖ, പദ്ധതിരേഖ എന്നിവ അംഗീകരിച്ചത് | 8-3-23ലെ അജണ്ട- 1 |
| വാർഷികപദ്ധതി അംഗീകരിച്ചത് | 21.03.23ലെ അജണ്ട 2 |

<u>പദ്ധതിഅംഗീകാരം</u>

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 21.03-2023-ലെ തീരുമാനപ്രകാരം (അജണ്ട 2 തീരുമാനം 1) 2023-24 വർഷത്തെ കരട് പദ്ധതികൾ അംഗീകരിച്ചിരുന്നു. വാർഷികപദ്ധതിയ്ക്ക് ഭരണസമിതിയുടെ 10-5-23-ലെ 1(4)-തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 3-2-24-ലെ 83898/23/DPC/DPO/KTM നമ്പർ നടപടി ഉത്തരവുപ്രകാരം അന്തിമ അംഗീകാരവും ലഭിച്ചു. സ്പിൽ ഓവർ പ്രോജക്ടുകളും പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 254 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചവ | നടപ്പാക്കിയവ | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 7 | 4342000 | 1572167 | 36.2 |
| വെറ്ററിനറി സർജൻ | 7 | 5 | 3945200 | 1151700 | 29.19 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 19 | 15 | 4027494 | 2533022 | 62.89 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 4 | 2 | 1130000 | 1030000 | 91.15 |
| മെഡിക്കൽ ഓഫീസർ, ഹോമിയോപ്പതി | 3 | 3 | 235000 | 227700 | 96.89 |
| ഫിഷറീസ് ഇൻസ്പെക്ടർ | 1 | 1 | 100000 | 29920 | 29.92 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 11 | 74,77,920 | 56,44170 | 75.48 |
| സെക്രട്ടറി | 56 | 26 | 2,11,81,016 | 72,62,067 | 34.28 |
| അസിസ്റ്റന്റ് എൻജിനീയർ | 103 | 50 | 3,03,09,809 | 1,06,91820 | 35.27 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 23,00000 | 4,66,815 | 20.29 |
| അസി.സെക്രട്ടറി | 12 | 6 | 28,82,863 | 5,39,413 | 18.71 |
| വി.ഇ.ഒ.- 1 | 11 | 10 | 4,21,80,100 | 1,61,72,400 | 27.54 |
| വി.ഇ.ഒ.-2 | 10 | 8 | 1,53,74,793 | 58,57,955 | 38.1 |
| ഹെഡ്മാസ്റ്റർ | 3 | 2 | 491250 | 105926 | 21.56 |
| ആകെ | 254 | 148 | 13,59,77,445 | 5,32,85,075 | 39.18 |

വിവിധ വിഭവസ്രോതസ്സുകളിൽ നിന്നുള്ള വകയിരുത്തലിന്റെ അടിസ്ഥാനത്തിൽ പദ്ധതിചെലവ് 39% മാത്രമാണ്. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 56 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചിരുന്നത്. എന്നാൽ കേവലം ജിഒ പ്രോജക്ടുകൾ ഒഴിച്ചാൽ കേവലം 14 പ്രോജക്ടുകൾക്കുവേണ്ടി മാത്രമേ തുക ചെലവഴിച്ചിട്ടുള്ളൂ.

<u>വിനിയോഗലക്ഷ്യം കൈവരിച്ചില്ല. 1.19 കോടിയിലധികം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു.</u>

വിവിധ കാരണങ്ങളാൽ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതും നടപ്പാക്കിയവയുടെ പേമെന്റ്ബില്ലുകൾ ക്യൂലിസ്റ്റിലായതും കാരണം 1.19 കോടിയിലധികം രൂപ ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാനായില്ല. നടപ്പാക്കിയ പ്രോജക്ടുകളുടെ ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ചെങ്കിലും 40 ബില്ലുകൾ ട്രഷറിയിൽ പാസ്സാക്കപ്പെട്ടില്ല. ആയതിനാൽ ഒരു കോടിയിലധികം രൂപയാണ് ഗ്രാമപഞ്ചായത്തിന്

ഇത്തരത്തിൽ നഷ്ടമായത്. വിനിയോഗലക്ഷ്യം കൈവരിക്കാതെ നഷ്ടമായ സർക്കാർ ഗ്രാന്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | പ്രോജക്ടുകൾ നടപ്പാക്കാതെ നഷ്ടമായ തുക | ക്യൂബിൽപ്രകാരം നഷ്ടമായ തുക | സർക്കാർ ഗ്രാന്റുകൾ തൻവർഷം നഷ്ടമായ ആകെതുക |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 47213 | 56,62,560 | 57,09,773/- |
| വികസനഫണ്ട് .എസ്.സി.പി. | 8,19,999 | 4,55000 | 12,74,999/- |
| വികസനഫണ്ട് റ്റി എസ്.പി. | 1,11,568 | - | 111568 |
| സംരക്ഷണഗ്രാന്റ് റോഡ് | 1,68,834 | 41,00,832 | 42,69,666/- |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 7969 | 5,38744 | 5,46,713/- |
| ആകെ തുക | 11,55,583 | 1,07,57,136 | 1,19,12,719 |

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം</u>

14-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ അനുസരിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപനതലത്തിൽ തെരഞ്ഞടുക്കപ്പെടുന്ന അംഗം അദ്ധ്യക്ഷനായി വിവിധ വിഷയമേഖലകൾക്കായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കേണ്ടതുമാണ്. സ്റ്റാറ്റസ് റിപ്പോർട്ടും കരട് പദ്ധതി നിർദ്ദേശങ്ങളും തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക, പ്രോജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ. നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഗ്രാപഞ്ചായത്തിന്റെ വാർഷികപദ്ധതിപ്രകാരം വിവിധ വികസനമേഖലകളിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ഇപ്രകാരം മേൽനിരീക്ഷണം നടത്തിയതായി കാണുന്നില്ല. പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച് അവലോകന റിപ്പോർട്ടും സമർപ്പിച്ചിട്ടില്ല. പദ്ധതിനിർവ്വഹണത്തിലും മോണിറ്ററിംഗിലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവരുടെ പ്രവർത്തനങ്ങളും കാര്യക്ഷമമായ ഇടപെടലുകളും ഉണ്ടാകേണ്ടതാണ്.

## <u>1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി</u>

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2023-24 വർഷം 3174 പേർക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 20 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 891 കുടുബങ്ങൾക്ക് തൊഴിൽ ലഭിച്ചു. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 431 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 196 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 186 പ്രവൃത്തികൾ പൂർത്തീകരിച്ചു. 56420 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 204 അയൽകൂട്ടങ്ങളിൽ 186 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം , തോട് ആഴം കൂട്ടൽ, തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ തുടങ്ങിയ ജല സംരക്ഷണ പ്രവർത്തനങ്ങളും, കൂടാതെ ലൈഫ് ഭവന നിർമ്മാണ പ്രവൃത്തികളും നടത്തിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2023-24 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | | 7033 |
| വരവ് | EFMS വരവ് | 23452721 |
| | ക്യാഷ് വരവ് (പലിശ ഉൾപ്പെടെ) | 322205 |
| ചെലവ് | അഡ്വാൻസ് ഗ്രാമപഞ്ചായത്തിൽ നിന്ന് | 1330600 |
| | ആകെ വരവ് | 25112559 |
| | തൊഴിലാളികളുടെ വേതനം | 18901653 |
| | വിദഗ്ദ്ധതൊഴിലാളികളുടെ വേതനം | 796558 |

| | | |
|---|---|---|
| | ഉപകരണങ്ങളുടെ വില, വാടക | 3754510 |
| | ഭരണചെലവുകൾ(ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 1330600 |
| | അഡ്വാൻസ് റീകൂപ്പ്മെന്റ് | 321160 |
| | ആകെ ചെലവ് | 25104481 |
| | നീക്കിയിരുപ്പ് | 8078 |

31/03/2024 ബാലൻസ് ഷീറ്റ് പ്രകാരം, 1,921,604/- രൂപ തൊഴിലുറപ്പിന് മുൻകൂർ നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി മുൻകൂർ തുക ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് .

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2023-24 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10080 | 21 |
| വാർദ്ധക്യകാലപെൻഷൻ | 33525800 | 3163 |
| കർഷകതൊഴിലാളി പെൻഷൻ | 6852000 | 567 |
| വിധവാപെൻഷൻ | 9769100 | 910 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 494800 | 46 |
| വികലാംഗപെൻഷൻ | 3479200 | 312 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2023-24 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി വാകത്താനം ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റ്, ഫ്രണ്ട് ഓഫീസ് ക്യാഷ്യർ എന്നീ ജീവനക്കാരുടെ സാന്നിധ്യത്തിൽ 23/09/2024 തീയതിയിൽ 02:50 PM സമയത്ത് നടത്തുകയുണ്ടായി. ഭൗതിക പരിശോധനയിൽ 8798/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. ചെലവ് വൗച്ചറുകളും അനുബന്ധ രേഖകളുടെയും സൂക്ഷിപ്പ് പൊതുവിൽ തൃപ്തികരമാണെങ്കിലും ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, സർക്കാരിലേക്ക് ഒടുക്കാനുള്ള വിവിധ തുകകളുടെ വിനിമയം സൂചിപ്പിക്കുന്ന രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെയും, വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേര്, മേൽവിലാസം എന്നിവ രേഖപ്പെടുത്തിയ മാസ്റ്റർ ഇംകുബൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. ഓഡിറ്റ് വർഷം ഒരു തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് യോഗനടപടികൾ ശരിയായ രീതിയിൽ മിനിട്സ് ചെയ്യപ്പെട്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയോ പ്രോജക്ടുകളുടെ കൃത്യമായ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല. രജിസ്റ്ററുകളുടെയും രേഖകളുടെയും പരിപാലനം കൃത്യമാക്കുന്നതിനും, ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ/ തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.02.2020 മുതൽ 14.02.2020 | 2014-15 മുതൽ 2018-19 | LBA(HQ)11/08/A-131/ 2019-20/554/12.03.2020 |
| പെർഫോമൻസ് ഓഡിറ്റ് | 10/22 | 07/2021 മുതൽ 03/2022 വരെ | ADPKTM/594/22 /U2 |

## 1-11 ഗണ്യമായ തുക കറന്റ് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു

ഗ്രാമപഞ്ചായത്ത്, ഓൺലൈൻ പണമിടപാടുകൾ നടത്തുന്നതിനായി, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ കറന്റ് അക്കൗണ്ട് (അക്കൗണ്ട് നം. 36839665853) നിലനിർത്തിയിട്ടുണ്ട്. വിവിധ നികുതി നികുതിയേതര വരവുകൾ, മറ്റിനങ്ങളിലുള്ള തുകകകൾ എന്നിവ ഇലക്ട്രോണിക് പേമെന്റ് മുഖാന്തിരം പ്രസ്തുത അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. പ്രസ്തുത ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം, 31.03.2024 -ലെ നീക്കിയിരിപ്പ് 83,96,180/- രൂപയാണ്. പലിശ രഹിതവും, ബാങ്ക് ചാർജ് ഈടാക്കപ്പെടുന്നതുമായ പ്രസ്തുത അക്കൗണ്ടിൽ ഗണ്യമായ തുക നിലനിർത്തുന്നതിന്റെ സാഹചര്യം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/26.09.2024), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ഇ-പേമെന്റ് അക്കൗണ്ട് ബാലൻസ് തുക സ്ഥിര നിക്ഷേപം ചെയ്യുന്നതിന്, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം നം. 2/17.01.2024 പ്രകാരം, പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്ത് തീരുമാനിച്ചിട്ടുണ്ടെന്നും, ആയത് പ്രകാരം പഞ്ചായത്ത് കമ്മിറ്റി അജണ്ട നം. 11 (1)/14.02.2024 പ്രകാരം, വിശദമായ പഠനത്തിന് ശേഷം പരിഗണിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. പലിശ രഹിതവും, ബാങ്ക് ചാർജ് ഈടാക്കപ്പെടുന്നതുമായ പ്രസ്തുത അക്കൗണ്ടിൽ ദീർഘകാലം ഗണ്യമായ തുക നിലനിർത്തുന്നത് ക്രമപ്രകാരമല്ല. വിഷയം സംബന്ധിച്ചുള്ള ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ തുടർ തീരുമാനങ്ങളും നടപടികളും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി പരിഷ്കരണം - കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമാക്കിയില്ല

22.03.2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം, 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം, 31.03.2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും, 01.04.2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് നിർദ്ദേശിയ്ക്കപ്പെട്ടിട്ടുള്ളത്. സ.ഉ.(അച്ചടി) നം.25/2023/LSGD/05.04.2023 നം. ഉത്തരവിലെ നിരക്കുകൾ പ്രകാരം, ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 3 (1)/ 31.10.2023 നം. തീരുമാനം പ്രകാരം നികുതി നിരക്കുകൾ അന്തിമമായി വിജ്ഞാപനം (നം. SC4/2934/2023/01.11.2023) ചെയ്തിട്ടുണ്ട്. എന്നാൽ, 2023-24 സപ്ലിമെന്ററി അസസ്മെന്റ് ഡാറ്റാബേസ് പ്രകാരം, 01.04.2023 -ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട വിവിധ കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ നികുതി നിരക്ക് ബാധകമാക്കിയിട്ടുള്ളതായി വ്യക്തമായിട്ടില്ല. ഉദാഹരണത്തിനായി, പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് നിലവിലുണ്ടായിരുന്ന 5/- രൂപയിൽ നിന്ന് 8/- രൂപ നിരക്കിൽ പുതുക്കിയ നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും, പരിഷ്ക്കരിച്ച നികുതി നിരക്ക് 2023-24 ൽ നികുതി നിശ്ചയിച്ചവയ്ക്ക് ബാധകമായിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | ഒക്യുപൻസി | നിർണ്ണയിയ്ക്കപ്പെട്ടിട്ടുള്ള നികുതി നിരക്ക് (Rs.) | നികുതി നിർണ്ണയിക്കപ്പെട്ട തീയതി |
|---|---|---|---|---|---|
| 1) | IV/305 A | നീതു സെബാസ്റ്റ്യൻ | പാർപ്പിടാവശ്യം | 5/- | 06.05.2023 |
| 2) | IV/552 A | അനിൽകുമാർ. എ | പാർപ്പിടാവശ്യം | 5/- | 17.05.2023 |
| 3) | XIII/144 B | മനു കുര്യൻ | പാർപ്പിടാവശ്യം | 5/- | 12.07.2023 |
| 4) | IV/463 A | കുര്യാക്കോസ് ചാക്കോ | പാർപ്പിടാവശ്യം | 5/- | 20.05.2023 |
| 5) | XIII/440 D | എബ്രഹാം. കെ. തോമസ് | പാർപ്പിടാവശ്യം | 5/- | 27.07.2023 |

പരിഷ്ക്കരിച്ച നികുതി നിരക്ക് ബാധകമാകാത്തതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/26.09.2024), വസ്തു നികുതി പരിഷ്ക്കരണത്തിന്റെ നടപടിക്രമങ്ങൾ അന്തിമമായി അംഗീകരിച്ചത് 31.10.2023 -ൽ ചേർന്ന ഭരണസമിതി യോഗത്തിലായതിനാൽ 01.04.2023 മുതൽ 31.10.2023 വരെയുള്ള കാലയളവിൽ നികുതി നിശ്ചയിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി പഴയ നിരക്കിലാണ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും, സാങ്കേതികമായ പിഴവ് പരിഹരിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമായിട്ടുള്ളത്. ആയതിനാൽ, 01.04.2023 മുതൽ 31.10.2023 വരെയുള്ള കാലയളവിൽ നികുതി നിർണ്ണയിച്ച എല്ലാ കെട്ടിടങ്ങൾക്കും, വസ്തു നികുതി പരിഷ്കരണം 01.04.2023 മുതൽ പ്രാബല്യത്തിലുള്ള നിരക്കിൽ നികുതി പുനർ നിർണ്ണയിക്കേണ്ടതും, പ്രസ്തുത രീതിയിൽ വസ്തു നികുതി പരിഷ്കരണത്തിൽ നിന്നും ഇതര കെട്ടിടങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ടോയെന്ന വിഷയം പരിശോധിയ്ക്കേണ്ടതും, അപാകത സ്ഥിരീകരിക്കുന്നപക്ഷം നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക ഡിമാന്റ് അക്കൗണ്ട് ചെയ്ത് തുക ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.

## 1-13 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു

സഞ്ചയ വെബ് പോർട്ടൽ സപ്ലിമെന്ററി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നൽകി വസ്തു നികുതി നിർണ്ണയിച്ചതായി വ്യക്തമാകുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ, പ്രത്യേക കെട്ടിടങ്ങളായി പരിഗണിച്ച് ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ, പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള, വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നൽകി, ച. മീറ്ററിന് 50/- രൂപ നിരക്കിലാണ് (വാണിജ്യാവശ്യത്തിനുള്ളവ 100 ച. മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിൽ) നികുതി നിർണ്ണയിക്കപ്പെട്ടിരിക്കുന്നത്. 22.03.2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം, 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി പരിഷ്ക്കരണം വിജ്ഞാപനം (നം. SC4/2934/2023/01.11.2023) പ്രകാരം, 100ച. മീ. മുകളിൽ 500 ച. മീ വരെയുള്ള വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ച. മീറ്ററിന് 75/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കപ്പെടേണ്ടത്. ഇപ്രകാരം വസ്തുനികുതി നിർണ്ണയിച്ചത് മൂലം, ചട്ട പ്രകാരമുള്ള നികുതി തുക ഈടാക്കുവാൻ സാധിച്ചിട്ടില്ല. തോട്ടയ്ക്കാട് വില്ലേജിൽ സർവേ നം. 388/4-1 -ൽ ഉൾപ്പെട്ട കെട്ടിടത്തിന്റെ നികുതി വിശദാംശങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് /വിലാസം | തറ വിസ്തീർണ്ണം (ച. മീ) | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി (Rs. 75/ M2) | നിലവിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന നികുതി (Rs. 50/ M2) | അടിസ്ഥാന നികുതി തുകയിലുണ്ടായിട്ടുള്ള കുറവ് (Rs.) |
|---|---|---|---|---|---|---|
| 1) | VII/673 A | വർഗ്ഗീസ്. പി. പി പള്ളിക്കുന്നേൽ തോട്ടയ്ക്കാട് | 36.4 | 23,035.50/- | 15,357/- | 7,678.50/- |
| 2) | VII/673 B | | 36.4 | | | |
| 3) | VII/673 C | | 36.4 | | | |
| 4) | VII/673 D | | 36.4 | | | |
| 5) | VII/673 E | | 36.4 | | | |
| 6) | VII/673 F | | 62.57 | | | |
| 7) | VII/673 G | | 62.57 | | | |
| | **ആകെ** | | **307.14** | **23,035.50/-** | **15,357/-** | **7,678.50/-** |

23.05.2023 -ൽ, ഇപ്രകാരം നമ്പറിംഗ് നടത്തി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള പ്രസ്തുത കെട്ടിടം, ഉചിതമായ ഉപയോഗക്രമത്തിൽ ഉൾപ്പെടാതിരുന്നതിനാൽ, ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി പരിഷ്ക്കരണം വിജ്ഞാപനം (നം. SC4/2934/2023/01.11.2023) പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/26.09.2024), വസ്തു നികുതി പരിഷ്ക്കരണത്തിന്റെ നടപടിക്രമങ്ങൾ അന്തിമമായി അംഗീകരിച്ചത് 31.10.2023 -ൽ ചേർന്ന ഭരണസമിതി യോഗത്തിലായതിനാൽ 01.04.2023 മുതൽ 31.10.2023 വരെയുള്ള കാലയളവിൽ നിലവിൽ വന്ന കെട്ടിടങ്ങളുടെ വസ്തു നികുതി പഴയ നിരക്കിലാണ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും, സാങ്കേതികമായ പിഴവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമായിട്ടുള്ളത്. ആയതിനാൽ, 23.05.2023 -ൽ, ഇപ്രകാരം നമ്പറിംഗ് നടത്തി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള പ്രസ്തുത കെട്ടിടം, ഉചിതമായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് നികുതി നിർണ്ണയ വിശദാംശം ഉൾപ്പെടെയുള്ള വിവരം അറിയിക്കേണ്ടതാണ്.

## 1-14 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടുള്ളതായി ബന്ധപ്പെട്ട നികുതി രേഖകളിൽ നിന്നും

വ്യക്തമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവർ | കുടിശ്ശിക കാലയളവ് / വർഷം | LC, സർവീസ് ടാക്സ് തുടങ്ങിയവ ഉൾപ്പെടെയുള്ള ആകെ നികുതി തുക |
|---|---|---|---|---|
| 1) | XX/ 471 A | ബി. എസ്. എൻ. എൽ | 2022 (II) - 2023 (II) | 3,847/- |
| 2) | III/186 | എ. ബി. എം ടവർ | 2017 (II) - 2023 (II) | 20,073/- |
| | ആകെ | | | 23,920/- |

സമയബന്ധിതമായി നികുതി തുക ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/26.09.2024), ക്രമ നം. (1) -ന്റെ നികുതി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, ക്രമ നം. (2) -ന്റെ കുടിശ്ശിക തുക ഈടാക്കുന്നതിനായി ആർ. ആർ നടപടികൾ സ്വീകരിക്കുന്നതിനുള്ള തീരുമാനത്തിന് പഞ്ചായത്ത് കമ്മറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. ഈ വിഷയത്തിലെ തുടർ നടപടികൾ പൂർത്തീകരിച്ച്, നികുതി തുക ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>1-15 തൊഴിൽ നികുതി ഒടുക്കിയില്ല.</u>

ഗ്രാമ പഞ്ചായത്തിൻറെ 2023-24 വർഷത്തെ തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്റർ, ഡിമാൻറ് സ്റ്റേറ്റ് മെൻറ് എന്നിവ പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി/ സ്ഥാപന നികുതിഎന്നിവ പൂർണ്ണമായും അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | തൊഴിൽ നികുതി (ജീവനക്കാർ) | ടേണോവർ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | കേളമംഗലം ഫാഷൻ ജൂവലേഴ്സ് | 2-ാം അർദ്ധ വർഷം | ഇല്ല |
| 2 | ആർ.കെ വുഡ്സ് | 2-ാം അർദ്ധ വർഷം | ഇല്ല |
| 3 | സർവ്വീസ് സഹകരണ ബാങ്ക് വാകത്താനം | | അടവാക്കിയിട്ടില്ല |
| 4 | NSC Finance And Gold Loan Pvt.Ltd | 2-ാം അർദ്ധ വർഷം | അടവാക്കിയിട്ടില്ല |
| 5 | MGNREGS വാകത്താനം | 2-ാം അർദ്ധ വർഷം | ബാധകമല്ല |
| 6 | മണികണ്ഠപുരം ദേവസ്വം | ഒന്നാം അർദ്ധ വർഷം | ബാധകമല്ല |
| 7 | ക്രിസ്റ്റൽ ഫ്യൂവൽ വാകത്താനം | 2-ാം അർദ്ധ വർഷം | ഇല്ല |

തുക ഡിമാൻറ് ചെയ്ത് ഈടാക്കാതിരുന്നതിന് വിശദീകരണത്തിനൊപ്പം വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റു കൂടി ഹാജരാക്കണമെന്നാവശ്യപ്പെട്ടു നൽകിയ 14-ാം നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 1, 2 എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്നും MGNREGS വാകത്താനം, സർവ്വീസ് സഹകരണ ബാങ്ക് വാകത്താനം എന്നീ സ്ഥാപനങ്ങൾ 2023-24 സാമ്പത്തികവർഷത്തെ നികുതി അടവാക്കാതെ 2024-25 വർഷം അടവാക്കിയതായും മറ്റുസ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുമെന്നും അറിയിച്ചു. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കുന്ന ഡി.സി.ബി പ്രകാരം ഡിമാൻറ് ചെയ്ത തുക പൂർണ്ണമായും അടവാക്കിയതായാണ് കാണിച്ചിരിക്കുന്നത്. രേഖകൾ കൃത്യമായി പരിശോധിക്കാതെ തെറ്റായ കണക്കുകൾ സാക്ഷ്യപ്പെടുത്തിയതിനാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതിപ്പണം

നഷ്ടമായിരിക്കുകയാണ്. ചില സ്ഥാപനങ്ങളുടെ വരുമാനം തിട്ടപ്പെടുത്തി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് അടവാക്കിയിട്ടുണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ സ്ഥാപനത്തിന്റെ വിശദാംശങ്ങൾ ചേർത്തിട്ടില്ല. ആയതിനാൽ എല്ലാ അർദ്ധ വർഷങ്ങളിലും തുക അടവാക്കിയതിന്റെ കൃത്യത ബോധ്യപ്പെടാൻ സാധിക്കുന്നില്ല. ആയതിനാൽ ഡിമാന്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തി കാലികമായി സൂക്ഷിക്കേണ്ടതാണ്. ട്രേഡ്ലേഷിന്റെ കൃത്യമായ കണക്കുകൾ ലഭ്യമല്ലാത്തതിനാൽ വരുമാനാടിസ്ഥാനത്തിൽ തൊഴിൽ നികുതി തിട്ടപ്പെടുത്തി ഡിമാന്റ് ചെയ്യുവാൻ പഞ്ചായത്തിന് സാധിക്കുന്നില്ല. ആയതിനാൽ കാലികമായ വിവരശേഖരണം നടത്തി കൂടുതൽ സ്ഥാപനങ്ങളെ നികുതിയിൽ കൊണ്ടുവന്ന് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. നികുതി കുടിശ്ശികയായ പരാമർശിത സ്ഥാപനങ്ങളുടെ തൊഴിൽ നികുതി/ സ്ഥാപന നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-16 വാടക ഈടാക്കിയില്ല.**

2023-24 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള കെട്ടിട മുറികൾ വാടകയ്ക്ക് എടുത്ത താഴെ പേര് ചേർത്തിരിക്കുന്ന വാടകക്കാർ, വാടക കുടിശ്ശിക വരുത്തിയതായി കാണുന്നു.

| ക്രമനം. | പേര് | കെട്ടിട നം /മുറി നം | വാടക കുടിശ്ശിക GST ഉൾപ്പടെ |
|---|---|---|---|
| 1 | ഉണ്ണൂണ്ണി എബ്രഹാം | 13 /703 | 7390*12=88680 (04/2023 മുതൽ 03/2024 വരെ) |
| 2 | രഞ്ജിത്ത് കെ.കെ | 13/ 608 | 2785*4=11140 (12/2023 മുതൽ 03/2024 വരെ) |
| 3 | ഡേവിഡ് പോൾ | 18 /74 | 437*12=5244 (04/2023 മുതൽ 03/2024 വരെ) |
| 4 | ലിജു പൊന്നൂസ് | 13 /699 | 5950*12=71400 (04/2023 മുതൽ 03/2024 വരെ) |
| 5 | ബിനോയി സി പീറ്റർ | 13 /700 | 1194*12=14328 (04/2023 മുതൽ 03/2024 വരെ) |
| 6 | ബീന ജോസ് | 13/ 615 C | 1522*12=18264 (04/2023 മുതൽ 03/2024 വരെ) |
| | | ആകെ | 209056 |

ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ഉണ്ണൂണ്ണി എബ്രഹാം, ലിജു പൊന്നൂസ്, ബിനോയി സി പീറ്റർ എന്നിവർ മുൻവർഷങ്ങളിലെയും വാടക കുടിശ്ശിക അടവാക്കാനുള്ളതായി കാണുന്നു. മേൽ ലിസ്റ്റിലുൾപ്പെട്ടിട്ടുള്ളവരുടെ വാടക കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളോടൊപ്പം ഓഡിറ്റ് കാലയളവുവരെയുള്ള (2023-24) വാടക കുടിശ്ശികയുടെ തൽസ്ഥിതി വിവരം, വാടക കരാർ ചമച്ചതിന്റെ വിവരങ്ങളും നിയമാനുസൃതം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയ വാടക ബൈലോയും ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ (നം.3/23.09.2024) ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചതായി അറിയിച്ചു. 2023-24 വർഷം മുതൽ കുടിശ്ശിക ഇല്ലാത്ത കടമുറികൾക്ക് 5 ശതമാനം വാടക കൂട്ടി ഈടാക്കുന്നതിനും കുടിശ്ശികയുള്ള കടമുറികളുടെ കുടിശ്ശിക ഈടാക്കി പുനർലേലം ചെയ്യുന്നതിനും 31.01.2023 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. എന്നാൽ കമ്മിറ്റി തീരുമാനം പൂർണ്ണമായും നടപ്പാക്കിയിരുന്നോ എന്നത് പരിശോധിക്കുന്നതിനുള്ള ആധികാരികരേഖകൾ ലഭ്യമായില്ല. വാടക ബൈലോയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള എല്ലാ വാടകക്കാരുമായും വ്യവസ്ഥകൾ കൃത്യമായി ഉൾപ്പെടുത്തിയ കരാർ ചമച്ച് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. മതിയായ നടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. നിലവിൽ സെക്യൂരിറ്റി നിക്ഷേപം ഈടാക്കിയിട്ടില്ലാത്ത വാടകക്കാരിൽ നിന്നും കരാർ പുതുക്കുന്ന സമയം നിയമാനുസൃത നിരക്കിൽ സെക്യൂരിറ്റി നിക്ഷേപം കൂടി ഈടാക്കേണ്ടതാണ്.

**1-17 അടിസ്ഥാന വാടകയേക്കാൾ കുറഞ്ഞ നിരക്കിൽ വാടക ഈടാക്കി**

സിവിൽ സപ്ലൈസ് കോർപ്പറേഷന് വാടകയ്ക്ക് നൽകിയിരിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 20/589 നമ്പർ കെട്ടിടത്തിന് വാടക രജിസ്റ്റർ പ്രകാരം അടിസ്ഥാന വാടക ജി.എസ്.റ്റി ഉൾപ്പടെ 1270/-രൂപയാണ്. എന്നാൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ 4/2023 മുതൽ 1/2024 വരെ

വാടകയായി പ്രതിമാസം 1025 രൂപയും 02/2024, 03/2024 എന്നീ മാസങ്ങളിൽ 955/-രൂപയും വീതം മാത്രമാണ് അടവാക്കിയതായി കാണുന്നത്. 2023-24 വർഷം വാടക ഇനത്തിൽ 752 രൂപയും മുൻകാല വാടകയുടേതടക്കം ജിഎസ്.റ്റി 2328 രൂപയും ഉൾപ്പെടെ 3080 രൂപ കുറവായാണ് അടവാക്കിയത്. അടിസ്ഥാന വാടകയേക്കാൾ കുറവ് തുക അടവാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതോടൊപ്പം സിവിൽ സപ്ളൈസുമായി വാടക കരാർ ചമച്ചതിന്റെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുനൽകിയ (2/23.09.2024)-ാം നമ്പർ ഓഡിറ്റ് അന്വഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടി അനുസരിച്ച് 29-11-2023ന് കുടിശ്ശിക അടവാക്കുന്നതിന് മാവേലി സ്റ്റോറിന് കത്ത് നൽകിയിരുന്നെന്നും അതിന് മറുപടിയായി സപ്ളൈകോയുടെ 16-11-2023 ലെ 11-2023 നംമ്പർ സർക്കുലർ പ്രകാരം കാർപ്പെറ്റ് ഏരിയാ പ്രകാരമാണ് വാടക അടവാക്കുന്നതെന്നും ജി.എസ്.റ്റി ഇൻവോയ്സ് നൽകാത്തതുകൊണ്ടാണ് ജി.എസ്.റ്റി അടവാക്കാത്തതെന്നും അറിയിച്ചു. വാടക പുതുക്കി നിശ്ചയിക്കുന്നതിന് ഫയൽ അസി.എൻജിനീയർക്ക് കൈമാറിയിരിക്കുകയാണെന്നും, വാടക പുതുക്കി നിശ്ചയിക്കുന്നമുറക്ക് കുടിശ്ശിക ഈടാക്കുമെന്നാണ് അറിയിച്ചത്. കെട്ടിടം വാടകയ്ക്ക് നൽകിയപ്പോൾ നിയമപരമായ കരാർ വയ്ക്കാതിരുന്നതിനാൽ സർക്കാരിന് ലഭിക്കേണ്ട നികുതി നഷ്ടമായതോടൊപ്പം പഞ്ചായത്തിന് വാടക ഇനത്തിലും നഷ്ടം സംഭവിച്ചിരിക്കുന്നു. ആയതിനാൽ വാടക പുതുക്കി നിശ്ചയിച്ച് മാവേലി സ്റ്റോറുമായി നിയമപരമായ കരാർ ചമയ്ക്കുകയും വാടക ഇനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക നിയമാനുസൃത പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-18 ബിൽഡിംഗ് പെർമിറ്റ് - അധിക മേൽക്കൂര നിർമ്മാണം പെർമിറ്റ് പരിധിയിൽ കൊണ്ടുവന്നില്ല.

2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം - 74 പ്രകാരം, മൂന്ന് നിലകൾ വരെയുള്ളതും, ഉയരം 10 മീറ്ററിൽ കൂടാത്തതുമായ കെട്ടിടങ്ങൾക്ക്, പരമാവധി 2.4 മീറ്റർ വരെ (2020-ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം 1.8M എന്നത് 2.4 M ആയി പരിഷ്ക്കരിച്ചിട്ടുണ്ട്) ഉയരത്തിൽ ഷീറ്റ്/ഓട് കൊണ്ടുള്ള ചരിഞ്ഞ മേൽ കൂര നിർമ്മിക്കുന്നതിന് സെക്രട്ടറിക്ക് അനുമതി നൽകാവുന്നതാണ്. അപേക്ഷഫീസും പെർമിറ്റ് ഫീസും ഷെഡ്യൂൾ I, ഷെഡ്യൂൾ II എന്നിവയിലേതു പോലെ ആകേണ്ടതാണ്. എന്നാൽ, ഇപ്രകാരമുള്ള അധിക മേൽക്കൂര നിർമ്മാണം, പെർമിറ്റ് പരിധിയിൽ കൊണ്ടുവരുന്നതായോ, ആയതിന് പെർമിറ്റ് ഫീ ഈടാക്കുന്നതായോ വ്യക്തമാകുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേരും വിലാസവും | ബിൽഡിംഗ് പെർമിറ്റ് നം./ തീയതി | ഒക്യുപൻസി | പെർമിറ്റിനായി പരിഗണിച്ച തറ വിസ്തീർണ്ണം (M2) |
|---|---|---|---|---|
| 1) | രാജു മാത്യു കക്കാട്ട് വാകത്താനം | SC4-BA(23708)/24/20.01.24 | റസിഡൻഷ്യൽ | 269.46 |
| 2) | ജറീഷ് ജോൺ കുര്യാക്കോസ് പത്തിൽ തോട്ടയ്ക്കാട് | SC4-BA(74022)/24/20.02.24 | റസിഡൻഷ്യൽ | 496 |

പ്രസ്തുത കെട്ടിടങ്ങൾക്ക് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച് നൽകിയിട്ടുള്ള, അപ്രൂവ്ഡ് പ്ലാൻ പ്രകാരമുള്ള അധിക മേൽക്കൂരയ്ക്ക് (ഷീറ്റ്/ ഓട്), പെർമിറ്റ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. അധിക മേൽക്കൂര നിർമ്മാണം പെർമിറ്റ് പരിധിയിൽ കൊണ്ടുവരാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/26.09.2024), മറുപടി ലഭ്യമായില്ല. "2.4 മീറ്റർ വരെ" ഉയരത്തിൽ ഷീറ്റ്/ഓട് കൊണ്ടുള്ള ചരിഞ്ഞ മേൽ കൂര നിർമ്മിക്കുന്നതിന് സെക്രട്ടറിക്ക് അനുമതി നൽകാവുന്നതാണെന്നും അതിന് പെർമിറ്റ് ഫീസ് ബാധകമാണെന്നും ചട്ടത്തിൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത കെട്ടിടങ്ങളുടേതുൾപ്പെടെ, തൻവർഷം പെർമിറ്റ് അനുവദിച്ച് നൽകിയിട്ടുള്ള ഇതര കെട്ടിടങ്ങളിൽ, സമാനമായ അപാകത നിലനിൽക്കുന്ന പക്ഷം ആയത് പുനഃപരിശോധിച്ച്, ബന്ധപ്പെട്ട നിർമ്മിതി പെർമിറ്റ് പരിധിയിൽ കൊണ്ടുവരേണ്ടതും, തുടർ നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-18 (എ) അംഗീകൃത ബിൽഡിംഗ് പെർമിറ്റിൽ അധികരിച്ചുള്ള നിർമ്മാണം ക്രമവത്കരിച്ചില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിലുൾപ്പെട്ട വിവിധ കെട്ടിടങ്ങളുടെ ബിൽഡിംഗ് പെർമിറ്റ്, നമ്പറിംഗ് നടപടിക്രമങ്ങൾ എന്നിവ പരിശോധിച്ചതിൽ, അനുവദിച്ച പെർമിറ്റിൽ നിന്നും, കംപ്ലീഷൻ പ്ലാൻ പ്രകാരം തറ വിസ്തീർണ്ണത്തിൽ വ്യതിയാനം ഉണ്ടായിട്ടുള്ള ചില കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് /വിലാസം | ബിൽഡിംഗ് പെർമിറ്റ് നം./ തീയതി | കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറ വിസ്തീർണ്ണം (M2) | ബിൽഡിംഗ് പെർമിറ്റിനായി പരിഗണിച്ച തറ വിസ്തീർണ്ണം (M2) | തറ വിസ്തീർണ്ണത്തിൽ ഉണ്ടായിട്ടുള്ള വ്യതിയാനം (M2) |
|---|---|---|---|---|---|---|
| 1) | VII/308 D | ബിജുമോൻ & ലിമ ചാക്കോ എബനേസർ ഭവൻ എഴുമറ്റൂർ | SC4-BA(111431)/22/26.03.22 | 166.52 | 154.66 | 11.86 |
| 2) | XVI/118 B | സാബുക്കുട്ടി മാത്യു ഇടത്തറ നാലുന്നാക്കൽ | SC4-BA(304487)/21/25.10.21 | 184.55 | 158.48 | 26.07 |
| 3) | XVI/210 A | ജോഫിൻ ജോസഫ് കൊച്ചിത്തറ ചമ്പക്കുളം | SC4-BA(34134)/22/28.01.22 | 190.06 | 159.01 | 31.05 |
| 4) | X/384 B | സ്റ്റേറിയ ഉഴക്കാലായിൽ കാടമുറി | SC4-BA(5353)/22/05.01.22 | 210.93 | 191 | 19.93 |

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, അനുമതിയില്ലാത്ത നിർമ്മാണങ്ങളുടെയും വ്യതിയാനങ്ങളുടെയും ക്രമവത്കരണം, ചട്ടം - 92 പ്രകാരം, കെട്ടിട നിർമ്മാണമോ, പുനർനിർമ്മാണമോ, കൂട്ടിച്ചേർക്കലോ, വ്യതിയാനം വരുത്തലോ, കിണർ കുഴിക്കലോ, വാർത്താവിനിമയ ഗോപുര നിർമ്മാണമോ, ഏതെങ്കിലും ഘടനയോ, ഭൂവികസനമോ, മറ്റേതെങ്കിലും പ്രവൃത്തിയോ ആരംഭിച്ചിട്ടുണ്ടെങ്കിലോ, നടത്തിക്കൊണ്ടിരിക്കുകയാണെങ്കിലോ, പൂർത്തീകരിച്ചിട്ടുണ്ടെങ്കിലോ, അവ ക്രമവത്കരിക്കുന്നതിനുള്ള അധികാരം സെക്രട്ടറിക്ക് ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം, അനുവദിച്ച പെർമിറ്റിൽ നിന്നും, കംപ്ലീഷൻ പ്ലാൻ പ്രകാരം തറ വിസ്തീർണ്ണത്തിൽ വ്യതിയാനം ഉണ്ടായിട്ടുള്ള പ്രസ്തുത കെട്ടിടങ്ങളുടെ ക്രമവത്കരണ നടപടികൾ സ്വീകരിച്ച് ഫീസ് ഈടാക്കുകയോ, ചട്ട പ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ചുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/26.09.2024), മറുപടി ലഭ്യമായില്ല. പ്രസ്തുത കെട്ടിടങ്ങളുടെ ക്രമവത്കരണ നടപടികൾ പൂർത്തിയാക്കി, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 ഭൂവികസന/കെട്ടിട നിർമ്മാണ പെർമിറ്റുകൾ അനുവദിയ്ക്കുന്നതിൽ ഗുരുതര ക്രമക്കേട് - അനധികൃത നിർമ്മാണങ്ങൾ നിയന്ത്രിക്കുന്നതിൽ വീഴ്ച

വാകത്താനം ഗ്രാമ പഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. അനിൽകുമാർ. ഡി ചാർജ്ജിലുണ്ടായിരുന്ന കാലയളവിൽ, കെട്ടിട നിർമ്മാണ പെർമിറ്റും കെട്ടിട നമ്പറും അനുവദിച്ചതിൽ നിരവധി ക്രമക്കേടുകൾ നടത്തിയിട്ടുള്ളതായും, സാങ്കേതിക വിദഗ്ദ്ധരുടെ റിപ്പോർട്ട് മറികടന്നുള്ള തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതായും, എൽ. എസ്. ജി. ഡി പ്രിൻസിപ്പൽ ഡയറക്ടർ ടിയാൾക്ക് നൽകിയ LSGD/PD/43717/2023-VIGB5/12.03.2024നം. കുറ്റാരോപണ പത്രികയിൽ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത കുറ്റാരോപണ പത്രികയിൽ പരാമർശിച്ചിട്ടുള്ള പെർമിറ്റ് ഫയലുകൾ (ഫയൽ നം. SC4/6091/21, SC4/758/22, A4/1822/19 & A4/5553/2019) ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമായില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുള്ള വ്യാപകമായ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതായി പരാമർശിച്ചിട്ടുള്ള സാഹചര്യത്തിൽ, ഇത് സംബന്ധമായ ഭരണതല അന്വേഷണത്തിന്റെ വിവരങ്ങൾ, അന്വേഷണ റിപ്പോർട്ട്, കമ്മിറ്റി തീരുമാനങ്ങൾ മുതലായവ ക്രോഡീകരിച്ച് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/26.09.2024), മറുപടി ലഭ്യമായില്ല. അന്വേഷണക്കുറിപ്പിൽ ആവശ്യപ്പെട്ട ഫയലുകളിൽ, SC4/6091/21 നം. ഫയൽ ഒഴികെ, ശേഷിക്കുന്നവ പരിശോധനയ്ക്ക് ലഭ്യമായില്ല.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുള്ള വ്യാപകമായ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതായി പരാമർശിച്ചിട്ടുള്ള സാഹചര്യത്തിൽ, ഗ്രാമ പഞ്ചായത്തിൽ നിന്നും കഴിഞ്ഞ അഞ്ചു് വർഷങ്ങളിൽ അനുവദിച്ച് നൽകിയ ഭൂവികസന/കെട്ടിട നിർമ്മാണ പെർമിറ്റുകളുടെ വിശദാംശങ്ങൾ, ഗ്രാമ പഞ്ചായത്തിൽ നിന്നും ഭൂവികസന/കെട്ടിട നിർമ്മാണ പെർമിറ്റുകൾ അനുവദിച്ചതുമായി ബന്ധപ്പെട്ട് ബഹു. കോടതികളുടെ പരിഗണനയിലുള്ള കേസുകളുടെ വിശദാംശങ്ങൾ, ഇതുസംബന്ധിച്ചുള്ള കോടതി വ്യവഹാരങ്ങൾക്ക് കഴിഞ്ഞ അഞ്ചു് വർഷങ്ങളിൽ ഗ്രാമ പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ, ഭൂവികസന/കെട്ടിട നിർമ്മാണ

പെർമിറ്റുകൾ അനുവദിച്ചതുമായി ബന്ധപ്പെട്ട്, ഗ്രാമസഭ മുഖാന്തിരവും അല്ലാതെയും പൊതുജനങ്ങൾ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള വിഷയങ്ങളുടെ വിശദാംശങ്ങൾ, പ്ലോട്ട് തിരിച്ചുള്ള ഭൂമി വിൽപനയുടെ ഭാഗമായി ലഭ്യമായതും തീർപ്പാക്കിയതുമായ ഭൂവികസന പെർമിറ്റ് അപേക്ഷകളുടെ വിശദാംശങ്ങൾ എന്നിവ ക്രോഡീകരിച്ച് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/26.09.2024), മറുപടി ലഭ്യമായില്ല.

**<u>സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ട് മറികടന്നുകൊണ്ട് കെട്ടിട നമ്പർ അനുവദിച്ച് നൽകി</u>**

വാകത്താനം വില്ലേജിൽ 212/3-3, 212/4-2റീസർവേ നമ്പറിൽ ഉൾപ്പെട്ട 3.23 ആർ വിസ്തീർണ്ണമുള്ള വസ്തുവിൽ കെട്ടിട നിർമ്മാണത്തിനായി, ശ്രീ. രാജൻ. കെ, മുള്ളനയ്ക്കൽ, വാകത്താനം എന്നയാൾക്ക് A4-3885/2017/07.10.2017 നം. കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച് നൽകിയിരുന്നു. അപ്പൻഡിക്സ് E3 കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം, Commercial (Group F) Cum Special Residential (Group A2) ഉൾപ്പെട്ട കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ക്രമവത്കരണ നടപടികൾക്കായി, കംപ്ലീഷൻ പ്ലാൻ ഉൾപ്പെടെ, ബന്ധപ്പെട്ട കക്ഷി (29.08.2021 -ൽ ശ്രീ. രാജൻ. കെ മരണപ്പെട്ട സാഹചര്യത്തിൽ, ടി യാളുടെ ഭാര്യ ശ്രീമതി. ഗിരിജ രാജൻ) അപേക്ഷ സമർപ്പിച്ചിരുന്നു. തുടർ നടപടികളുടെ ഭാഗമായുള്ള, സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്ഥല പരിശോധന റിപ്പോർട്ടിൽ, കെട്ടിട നിർമ്മാണത്തിലുള്ള 2019 -ലെ കെ. പി. ബി. ആർ ചട്ടങ്ങളുടെ ലംഘനം പരാമർശിയ്ക്കപ്പെട്ടിട്ടിട്ടുണ്ട്. (ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 400519/BRMCO1/Generalv2021/6091(2)/29.06.2022 നം. കത്ത് പ്രകാരം). ആയത് ചുവടെ ചേർക്കുന്നു.

1) കെ. പി. ബി. ആർ 2019 റൂൾ-26 പ്രകാരമുള്ള ഫ്രണ്ട് യാഡ്, സൈറ്റിൽ ലഭ്യമല്ല. ഫ്രണ്ടേജ് പാലിയ്ക്കുന്നുണ്ട്.

2) പാർക്കിംഗ് ഏരിയ ലഭ്യമല്ല (കെ. പി. ബി. ആർ 2019 റൂൾ : 29-4)

3) ഡ്രൈവ് വേ വീതി സൈറ്റിൽ ലഭ്യമല്ല (കെ. പി. ബി. ആർ 2019 റൂൾ-29)

4) വരാന്ത വീതി പാലിയ്ക്കുന്നില്ല (കെ. പി. ബി. ആർ 2019 റൂൾ-39)



10.08.2022 -ൽ നടത്തപ്പെട്ട അദാലത്തിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തി, ടി കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ച്, കെട്ടിട നമ്പർ അനുവദിച്ച് നൽകിയിട്ടുണ്ട്. സഞ്ചയ ഡാറ്റ ബേസ് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ഒക്യുപൻസി | തറ വിസ്തീർണ്ണം (M2) |
|---|---|---|---|
| 1) | XIII/642 A | റസിഡൻഷ്യൽ | 79.01 |
| 2) | XIII/642 B | റസിഡൻഷ്യൽ | 88.63 |
| 3) | XIII/642 C | റസിഡൻഷ്യൽ | 79.01 |
| 4) | XIII/642 D | റസിഡൻഷ്യൽ | 88.63 |
| 5) | XIII/642 E | വാണിജ്യാവശ്യത്തിനുള്ള 200 ച. മീറ്റർ മുകളിൽ തറ | 58.46 |

| | | | |
|---|---|---|---|
| | | വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | |

1220404007 നം. രസീത് പ്രകാരം 7875/- രൂപ ക്രമവത്കരണ ഫീസ് ഈടാക്കിയിട്ടുള്ളതായി, ബന്ധപ്പെട്ട ഫയലിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ, സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള കെട്ടിട നിർമ്മാണത്തിലെ അപാകതകൾ പരിഹരിച്ചതിന്റെ വിശദാംശങ്ങളും, അസിസ്റ്റന്റ് എഞ്ചിനീയറുടെ തുടർന്നുള്ള സ്ഥല പരിശോധന റിപ്പോർട്ടും, കെട്ടിട നിർമ്മാണത്തിലെ സാങ്കേതികമായ അപാകതകൾ പരിഹരിച്ച് കെ. പി. ബി. ആർ 2019 ചട്ടങ്ങൾക്ക് അനുസൃതമാണെന്നുള്ള തുടർ പരിശോധന വിവരങ്ങളും, കെട്ടിടത്തിന്റെ നമ്പറിംഗ് & വസ്തു നികുതി നിർണ്ണയ നടപടികൾക്ക് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുമുള്ള ശുപാർശയും, ബന്ധപ്പെട്ട ഫയലിൽ ലഭ്യമായിട്ടില്ല. 10.08.2022 -ൽ നടത്തപ്പെട്ട അദാലത്ത് രേഖകളിൽ, കെട്ടിട നിർമ്മാണത്തിലെ സാങ്കേതികമായ അപാകതകൾ പരിഹരിയ്ക്കപ്പെട്ടതായി സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കെട്ടിടത്തിന്റെ നമ്പറിംഗ് & വസ്തു നികുതി നിർണ്ണയ നടപടികളെ സാധൂകരിയ്ക്കുന്ന, ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/26.09.2024), മറുപടി ലഭ്യമായില്ല. കെട്ടിട നിർമ്മാണാനുമതി, കെട്ടിട നിർമ്മാണ നമ്പർ എന്നിവ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട്, സർക്കാരിന്റെ 15.06.2013 തീയതിയിലെ 32131/RA1/2012 നമ്പർ സർക്കുലർ പ്രകാരം, ഗ്രാമ പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയും പ്ലാനും, പഞ്ചായത്തിലെ ബന്ധപ്പെട്ട സാങ്കേതിക വിഭാഗം ജീവനക്കാർ പരിശോധന നടത്തിയതിന് ശേഷം നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുമതി / കെട്ടിട നമ്പർ നൽകാവു എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ടി സർക്കുലറിന് വിരുദ്ധമായി സാങ്കേതിക വിഭാഗം ജീവനക്കാരുടെ ശുപാർശയില്ലാതെ കെട്ടിട നിർമ്മാണനുമതി നൽകിയത് ഗുരുതര ക്രമക്കേടാണ്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട്, ഭരണതല അന്വേഷണം ഏറ്റെടുത്തതിന്റെ വിവരങ്ങൾ, അന്വേഷണ റിപ്പോർട്ട്, കമ്മറ്റി തീരുമാനങ്ങൾ മുതലായവ ക്രോഡീകരിച്ച് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-20 ലൈസൻസ് ഫീസ് - കുറഞ്ഞ നിരക്കിൽ ഈടാക്കി**

1996-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ – ചട്ടം 7, 17, 18, 19, 20, 21, 22/പട്ടിക II, III, IV പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ വ്യാപാര സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാകുന്നു. എന്നാൽ, വിവിധ സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളതായി വ്യക്തമായിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസിയുടെ പേര് / വിലാസം ലൈസൻസ് നം./ തീയതി | വ്യവസായം | വ്യവസായം ഉൾപ്പെടുന്ന ഭാഗം / മേഖല | പട്ടിക II പ്രകാരം ഈടാക്കേണ്ടിയിരുന്ന പരമാവധി ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് രസീത് നം./ തീയതി | ഈടാക്കേണ്ട പരമാവധി ലൈസൻസ് ഫീസിലെ കുറവ് |
|---|---|---|---|---|---|---|
| 1) | സി. എം. ജോർജ്ജ് ചോതിരക്കുന്നേൽ തോട്ടയ്ക്കാട് (VII/215) No. SC3-3361/2023/10.11.23 | റബ്ബർ വേസ്റ്റ് പൊടിക്കുന്നതിന് (പ്രവീൺ റബ്ബർ ഇൻഡസ്ട്രീസ്, തോട്ടയ്ക്കാട്) | മിനി എന്റർപ്രൈസസ്/ സേവന മേഖല | 1,000/- | 500/- 1230403557/ 09.11.23 | 500/- |

കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കാനുണ്ടായ സാഹചര്യത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (26/26.09.2024), ലൈസൻസ് ഫീസിൽ കുറവ് വന്നിട്ടുള്ള തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന മറുപടി ലഭ്യമായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ ഫീൽഡ് തല പരിശോധനകൾ കർശനമാക്കിയും സമർപ്പിക്കുന്ന രേഖകളുടെ ആധികാരികത, യുക്തിഭദ്രത എന്നിവ വിലയിരുത്തിയും ചട്ടപ്രകാരമുള്ള നിരക്കിൽ തന്നെ ലൈസൻസ് ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-21 കേരള വാട്ടർ അതോറിറ്റി നിക്ഷേപ പ്രവൃത്തി - റീഫണ്ട് തുക ക്രമീകരിച്ചില്ല**

പള്ളിക്കുന്ന് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട്, 2018-19 സാമ്പത്തിക വർഷത്തിൽ CFC ഫണ്ടിൽ നിന്നും 8,00,000/- രൂപയും (പ്രോജക്ട് നം. 185/2019 പ്രകാരം), 2019-20 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ടിൽ നിന്നും 60,000/- രൂപയും (പ്രോജക്ട് നം. 197/2020 പ്രകാരം) ഉൾപ്പെടെ 8,60,000/- രൂപ കേരള വാട്ടർ

അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു. ചെലവ് തുക 48,474/- രൂപ (Utilization File No. D1-5109/2018-Price Est Dtd 06.02.2024/ EE KWA PH Division, Thiruvalla) കിഴിച്ച്, 8,11,526/- രൂപ സ്ഥാപനത്തിന് റീഫണ്ട് ലഭ്യമായിട്ടുണ്ട് (റസീപ്റ്റ് നം. 1230000439/12.03.24). നിലവിൽ ക്രമീകരിയ്ക്കാതെ നിലനിർത്തിയിട്ടുള്ള ടി റീഫണ്ട് തുക, കോർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സമാന മേഖലയിലുള്ള വിവിധ പദ്ധതികൾക്കായി വിനിയോഗിക്കാവുന്നതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-22 അങ്കണവാടി കേന്ദ്രവിഹിതം ചെലവഴിയ്ക്കാതെ അവശേഷിക്കുന്നു

സ.ഉ.നം.39033/ഡി.സി.2/2010/ ത.സ്വ.ഭ.വ. പ്രകാരം പൂരക പോഷകാഹാര പരിപാടി (എസ്.എൻ.പി) യ്ക്ക് ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ആകെ 34 അങ്കണവാടികളാണുള്ളത്.

ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളായ പള്ളിക്കുന്ന് വാർഡ് 13 (നം.84), പഴഞ്ചിറ വാർഡ് 18 (നം.90), കണ്ണൻചിറ വാർഡ് 16 (നം.94), പാണ്ടൻചിറ വാർഡ് 15 (നം.96) കാരയ്ക്കാട്ടുകുന്ന് വാർഡ് 14 (നം.89)എന്നിവ കെട്ടിടം അൺഫിറ്റായതിനാൽ നിലവിൽ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ മൂന്ന് അങ്കണവാടികൾ സ്കൂൾ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിൽ ലഭ്യമായ കേന്ദ്രവിഹിതത്തിൽ 31.3.2024ൽ 3871182 രൂപ നീക്കിയിരുപ്പുണ്ട്. കേന്ദ്ര വിഹിതം വിനിയോഗിച്ച് കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം പണിയുന്നതിനും, സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിനും പ്രോജക്ടുകൾ ആവിഷ് കരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം. 11/25.9.24)മറുപടി ഹാജരാക്കിയില്ല. അനുപൂരക പോഷകാഹാര വിഹിതമിനത്തിൽ കേന്ദ്ര വിഹിതമായി ലഭിച്ച തുക കൂടി വിനിയോഗിച്ച് അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2023-24 ൽ ലഭ്യമായ കേന്ദ്രവിഹിതത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (A/C No.67291385932 എസ്.ബി.ഐ വാകത്താനം ശാഖ)

| | |
|---|---|
| മുന്നിരിപ്പ് | 1734980 |
| വരവ് | 2699913 |
| പലിശ | 83605 |
| ആകെ | 4518498 |
| ചെലവ് | 647316 |
| നീക്കിയിരുപ്പ് | 3871182 |

## 1-23 ഐ. സി. ഡി. എസ് ഗ്രാന്റ് - തുക ക്രമീകരിച്ചില്ല

ICDS ഗ്രാന്റ് പണമിടപാടുകൾ നടത്തുന്നതിനായി, ഗ്രാമപഞ്ചായത്തിന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിലനിർത്തിയിട്ടുള്ള 67291385932 നം. ബാങ്ക് അക്കൗണ്ടിന്റെ, സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള 31.03.2024 -ലെ നീക്കിയിരിപ്പ് 41,47,679/-രൂപയാണ്. എന്നാൽ, വാർഷിക ധനകാര്യ പത്രിക B-4/320100196 പ്രകാരമുള്ള തുക, 38,71,182/-രൂപയാണ്. ബന്ധപ്പെട്ട അക്കൗണ്ടിന്റെ റെകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, അനുബന്ധ രേഖകൾ എന്നിവയിൽ നിന്നും വ്യക്തമാകാത്ത സാഹചര്യത്തിൽ, പ്രസ്തുത ഗ്രാന്റ് ഇനത്തിലുള്ള 2,76,497/- രൂപയുടെ വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/26.09.2024) ചുവടെ ചേർക്കും പ്രകാരം മറുപടി ലഭ്യമായിട്ടുണ്ട്.

1) 2022-2023 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ, 86 നം. അങ്കണവാടിക്ക് അടിസ്ഥാന വികസനം എന്ന പദ്ധതിക്ക് (പ്രോജക്ട് നം. 99/2023), സംയോജിത ശിശുക്ഷേമ പദ്ധതി വിഹിതത്തിൽ നിന്ന് 2,00,000/- രൂപയും, തനത് ഫണ്ടിൽ നിന്ന് 3,00,000/- രൂപയും വകയിരുത്തിയിരുന്നു. എന്നാൽ, എസ്. ബി. ഐ (ICDS) അക്കൗണ്ടിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്ന, അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച സംയോജിത ശിശുക്ഷേമ പദ്ധതി വിഹിതത്തിന്റെ 2,00,000/- രൂപയുടെ ബിൽ, കേരളാ ഗ്രാമീൺ ബാങ്ക് തനത് ഫണ്ടിൽ നിന്നും ചെക്ക് നമ്പർ 30429/17.06.2022 മുഖാന്തിരം തെറ്റായി ചെലവഴിച്ചു . ടി 2,00,000/- രൂപ, ഫയൽ/4233 പ്രകാരം, കോൺട്രാ ചെയ്ത് (ചെക്ക് നമ്പർ 562012/തീയതി 02.09.2024 പ്രകാരം) ട്രാൻസഫർ ചെയ്ത് പരിഹരിച്ചിട്ടുണ്ടെന്നും മറുപടിയിൽ പരാമർശിക്കുന്നു.

2) ICDS -നായി എസ്. ബി. ഐ പ്രത്യേക അക്കൗണ്ട് തുടങ്ങിയതിന് ശേഷം, 2018-19 സാമ്പത്തിക വർഷത്തിൽ 13,28,307/- രൂപ ട്രഷറി തനത് ഫണ്ടിൽ, സെൻട്രൽ ഷെയർ വരവ് വന്നിട്ടുണ്ട്. ആയതിൽ 2019-20 വർഷത്തിൽ 1,41,415/- രൂപ ചെലവഴിച്ചു. തുടർന്ന് 2020-21 സാമ്പത്തിക വർഷത്തിൽ 8,06,327/- രൂപയും, 2021-22 ൽ 4,58,162/- രൂപയും ചെലവഴിച്ചു. ആയതിനാൽ, 77,597/- രൂപ റ്റി. എസ്. ബി തനത് ഫണ്ടിൽ നിന്നും അധികം ചെലവഴിച്ചു. ആയത്, ICDS എസ്. ബി. ഐ. അക്കൗണ്ടിൽ നിന്നും, റ്റി. എസ്. ബി തനത് ഫണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണ്. ആയതിന്, ഫയൽ/4660 പ്രകാരം കോൺട്ര എൻട്രി

ചെയ്യുന്നതിന് സെക്രട്ടറിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും, തുടർ നടപടികൾക്ക് വിധേയമായി, ICDS എസ്. ബി. ഐ. അക്കൗണ്ടിൽ നിന്നും റ്റി. എസ്. ബി തനത് ഫണ്ടിലേക്ക് തുക ക്രമീകരിക്കാവുന്നതാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. റ്റി. എസ്. ബി തനത് ഫണ്ടിൽ നിന്നുമുള്ള ICDS ഫണ്ട് വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| തീയതി | വരവ്/ ചെലവ്/ സാമ്പത്തിക വർഷം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 10.01.2019 | വരവ് / 2018-19 | 515575 | - | 515575 |
| | വരവ് / 2018-19 | 303400 | - | 818975 |
| 28.03.2019 | വരവ് / 2018-19 | 384100 | - | 1203075 |
| | വരവ് / 2018-19 | 42850 | - | 1245925 |
| | വരവ് / 2018-19 | 1600 | - | 1247525 |
| 31.03.2019 | വരവ് / 2018-19 | 74931 | - | 1322456 |
| | വരവ് / 2018-19 | 238 | - | 1322694 |
| | വരവ് / 2018-19 | 5613 | - | 1328307 |
| 31.03.2020 | ചെലവ് / 2019-20 | - | 77972 | 1250335 |
| 31.03.2020 | ചെലവ് / 2019-20 | - | 63443 | 1186892 |
| 25.11.2020 | ചെലവ് / 2020-21 | - | 355418 | 831474 |
| 24.03.2021 | ചെലവ് / 2020-21 | - | 3737 | 827737 |
| 08.03.2021 | ചെലവ് / 2020-21 | - | 22927 | 804810 |
| 08.03.2021 | ചെലവ് / 2020-21 | - | 183750 | 621060 |
| 19.03.2021 | ചെലവ് / 2020-21 | - | 240495 | 380565 |
| 07.09.2021 | ചെലവ് / 2021-22 | - | 50566 | 329999 |
| 12.10.2021 | ചെലവ് / 2021-22 | - | 370072 | (-40073) |
| 12.10.2021 | ചെലവ് / 2021-22 | - | 8214 | (-48287) |
| 16.11.2021 | ചെലവ് / 2021-22 | - | 29310 | **(-77597)** |

3) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2022-23 സാമ്പത്തിക വർഷത്തിലെ ഓഡിറ്റിന്റെ ഭാഗമായുള്ള, ഓഡിറ്റ് എൻക്വയറി പ്രകാരം, ഐ. സി. ഡി. എസ് പ്രോജക്ട് നം. 28 നിർവ്വഹണം നടത്തിയതിൽ അധികമായി ചെലവഴിച്ച 1,100/- രൂപ തിരികെ അടവാക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, തുക അടവാക്കിയിരുന്നു (1230403701/20.11.2023 നം. രസീത് പ്രകാരം). 20.11.2023 തീയതിയിലെ കളക്ഷൻ തുക അടവാക്കിയപ്പോൾ, ICDS എസ്. ബി. ഐ. അക്കൗണ്ടിൽ അടവാക്കേണ്ടിയിരുന്ന 1,100/- രൂപ ഉൾപ്പെടെയുള്ള തുക എസ്. സി. ബി തനത് ഫണ്ടിൽ അടവാക്കി. ടി 1,100/- രൂപ എസ്. സി. ബി. തനത് ഫണ്ടിൽ നിന്നും, ICDS എസ്. ബി. ഐ. അക്കൗണ്ടിലേക്ക് ട്രാൻസഫർ ചെയ്ത് (ചെക്ക് നം. 0059254/02.09.2024) ഫയൽ നം. 4232 പ്രകാരം പരിഹരിച്ചിട്ടുണ്ടെന്നും മറുപടിയിൽ പരാമർശിച്ചിരിക്കുന്നു.

തുകകൾ യഥാവിധി ക്രമീകരിച്ച് ഐ. സി. ഡി. എസ് ഫണ്ട്, ഫണ്ട് നിക്ഷേപിച്ച ബാങ്ക് അക്കൗണ്ട് നീക്കിയിരുപ്പ് എന്നിവ കൃത്യമാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 കമ്മിറ്റി തീരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ സബ്സിഡി അനുവദിച്ചിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം.,പ്രോജക്ടിന്റെ പേര് | S0269/24,പോത്തുകുട്ടി വിതരണം |
| അടങ്കൽ വികസനഫണ്ട്(ജനറൽ) | 600,000 |
| ചെലവഴിച്ച തുക | 230,000+230,000(ഗു.വി) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

എ) പോത്തുകുട്ടി വിതരണത്തിനായി 20 വാർഡുകളിൽ നിന്നുമായി 175 ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുത്തിരുന്നു. എന്നാൽ 28.2.2024ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-ാം തീരുമാന പ്രകാരം മതിയായ ഗുണഭോക്താക്കൾ ലഭ്യമല്ലാത്തതിനാൽ വെറ്ററിനറി സർജൻ നിർവ്വഹണോദ്യാഗസ്ഥനായ പ്രോജക്ട് നം.269/24 പോത്തുകുട്ടി വിതരണം പ്രോജക്ടിലേയ്ക്ക് റോസമ്മ കണ്ടാമറ്റം, ലിസ ജിജു കണ്ടാമറ്റം എന്നീ ഗുണഭോക്താക്കളെ കൂട്ടിച്ചേർക്കുന്നതിന് തീരുമാനിച്ചു. ഗുണഭോക്തൃ ലിസ്റ്റിൽ 3 ഗുണഭോക്താക്കൾ നിലവിൽ ഉള്ളപ്പോഴാണ് ഇപ്രകാരം കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. ലിസ്റ്റിൽ ഉണ്ടായിരുന്ന ഗുണഭോക്താക്കൾ തങ്ങൾക്ക് പോത്തുകുട്ടിയെ വേണ്ട എന്നതിന് നിർവ്വഹണോദ്യോഗസ്ഥന് കത്തും നൽകിയിരുന്നില്ല. ഭരണസമിതി പോത്തുകുട്ടിയെ വാങ്ങുന്നതിനായി ഇവർക്ക് 10,000രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.8/24.9.24) മറുപടി ഹാജരാക്കിയില്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തയാളുകളെ തൊട്ടടുത്ത് ചേരുന്ന ഗ്രാമസഭയിൽ അവതരിപ്പിച്ച് ലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങേണ്ടതാണ്.

ബി) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തയാൾക്ക് പോത്തുകുട്ടി വിതരണത്തിനായി സബ്സിഡി അനുവദിച്ചിരിക്കുന്നു.

വൽസമ്മ വർഗീസ്, ആട്ടുചിറയിൽ, വാർഡ് 18 എന്നയാൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പോത്തുകുട്ടിയെ വാങ്ങുന്നതിനായി ടിയാൾക്ക് 10,000 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം സബ്സിഡി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8/24.9.24)മറുപടി ഹാജരാക്കിയില്ല. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തയാളുകളുടെ വിവരം തൊട്ടടുത്ത് ചേരുന്ന ഗ്രാമസഭയിൽ അവതരിപ്പിച്ച് ലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങേണ്ടതാണ്. അപാകതകൾ പരിഹരിക്കേണ്ടതും വിശദാംശങ്ങൾ രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-25 ഭവനപുനരുദ്ധാരണം- അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ -പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവനപുനരുദ്ധാരണ പ്രവൃത്തികളിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് കൈപ്പറ്റിയതിന് ശേഷം ഭവനപുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല.ജനറൽ വിഭാഗം ഗുണഭോക്താക്കൾക്ക് 50,000/- രൂപയും, എസ്.സി വിഭാഗം ഗുണഭോക്താക്കൾക്ക് 100,000/- രൂപയുമാണ് ഭവനപുനരുദ്ധാരണത്തിന് അനുവദിക്കുന്നത്. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം., പ്രോജക്ടിന്റെ പേര് | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 28/24,വീട് വാസയോഗ്യമാക്കൽ (ജനറൽ) | ഇ.എം.മോഹനൻ ഇലവക്കോട്ടാൽ വാകത്താനം വാർഡ് 14 | 25000 | 28.11.2023 |
| | മറിയാമ്മ ചാക്കോ പുന്നശ്ശേരി ഹൗസ് നാലുന്നാക്കൽ വാർഡ്16 | 25000 | 21.12.23 |
| 30/24,വീട് വാസയോഗ്യമാക്കൽ(എസ്.സി) | ഭാസ്ക്കരൻ.കെ.സി കിളിരുക്കുന്നേൽ വാർഡ് 19 | 50,000 | 8.12.23 |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റുന്നില്ലെങ്കിൽ അഡ്വാൻസായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. തുടർ വർഷം ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയെങ്കിൽ ആയതിന്റെ വാല്യൂവേഷനും ബാക്കി തുക നൽകിയതിന്റെ വിവരവും മറുപടിയിൽ ഹാജരാക്കേണ്ടതാണ്.

**1-26 ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക - പേരന്റ് അക്കൗണ്ടിലേയ്ക്ക് തിരികെ പോയത് പഞ്ചായത്തിന് തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്**

വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക അക്കൗണ്ടിൽ ക്രെഡിറ്റ് ആകാതെ പേരന്റ് അക്കൗണ്ടിലേയ്ക്ക് തിരികെ പോയതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. പ്രോജക്ടിന്റെ പേര് | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | അക്കൗണ്ട് നം. | തുക അനുവദിച്ചതീയതി |
|---|---|---|---|---|
| 26/24,ലൈഫ് പദ്ധതി(ജനറൽ) | വൽസമ്മ ജോയി നടുവിലേപ്പറമ്പിൽ | 160,000 | 67245543190 | 16.8.23 |
| 28/24,വീട് മെയിന്റനൻസ് | മോഹനൻ കെ.ആർ കക്കാംപറമ്പിൽ | 25000 | 133912312004196 Dist.Co Operative Bank | 21.11.23 |

ടി തുകകൾ സർക്കാരിൽ നിന്നും തിരികെ ലഭിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/27.9.24)മറുപടിയായി മേൽ വിഷയം കാണിച്ച് പഞ്ചായത്ത് കമ്മിറ്റിക്കും, സബ്ട്രഷറി ഓഫീസർ, കറുകച്ചാലിന് കത്ത് നൽകുകയും, പഞ്ചായത്തിൽ നിന്നും എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടർക്കും ഇത് സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. പേരന്റ് അക്കൗണ്ടിലേയ്ക്ക് മടങ്ങിപ്പോയ തുക പഞ്ചായത്തിന് തിരികെ ലഭിച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-27 എസ്.എസ്.എൽ.സി, ഹയർസെക്കൻണ്ടറി തുല്യതാകോഴ്സ് -പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല.**

| | |
|---|---|
| പ്രോജക്ട് നം | 125/24 |
| അടങ്കൽ തുക | 100000 (തനതുഫണ്ട്) |
| ചെലവ് തുക | 46150/- |
| ബിൽനമ്പർ | 354/19-3-24 |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ് |

കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി നടത്തുന്ന എസ്.എസ്.എൽ.സി, ഹയർസെക്കൻണ്ടറി തുല്യത കോഴ്സുകൾക്കുള്ള പരീക്ഷ ഫീസിനത്തിൽ കേരള സംസ്ഥാന സാക്ഷരത മിഷന്റെ അക്കൗണ്ടിലേക്ക് 46,150/-രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പത്താംക്ലാസ് തുല്യതാ പരീക്ഷയ്ക്കായി രജിസ്ട്രേഷൻ ഫീസിനത്തിൽ 1950/-രൂപ പ്രകാരം 9 പേർക്ക് ആകെ 17550/-രൂപയും ഹയർസെക്കൻണ്ടറി തുല്യതാ പരീക്ഷയ്ക്കായി ഒരാൾക്ക് 2600/-രൂപ പ്രകാരം 28600/-രൂപയും ഉൾപ്പെടെയുള്ള ആകെത്തുകയാണ് ഇപ്രകാരം അടവാക്കിയിട്ടുള്ളത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പ്രോജക്ട് പ്രകാരം കൈമാറിയതുക കേരള സംസ്ഥാന സാക്ഷരത മിഷൻ കൈപ്പറ്റിയതിന്റെ രസീത് ഫയലിൽ ലഭ്യമല്ല. കൂടാതെ ഫീസ് അടവാക്കിയിട്ടുള്ള പഠിതാക്കൾ തുല്യതാ പരീക്ഷയ്ക്കുവേണ്ടിയുള്ള ഫുൾ കോഴ്സ് അറ്റൻഡ് ചെയ്തിട്ടുള്ളതായോ പരീക്ഷ എഴുതിതിയിട്ടുള്ളതായോ ഉള്ള വിവരങ്ങളും ഇത് സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രോജക്ട് ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം- 7/24-9-24) കൈപ്പറ്റ് രസീത്ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലഭ്യമാകുന്നമുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. കൂടാതെ തൻവർഷം ഫീസടച്ച ഹയർസെക്കൻണ്ടറി തലത്തിലുള്ള 11 പേരിൽ 5 പേരുടെ ഒന്നാംവർഷ ഹയർസെക്കൻണ്ടറി പരീക്ഷയുടെ മാർക്ക് ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ട്. പത്താംക്ലാസ് തുല്യതാപരീക്ഷ ഒക്ടോബർ മാസത്തിലാണ് നടക്കുന്നതെന്നും ഫീസ് അടച്ച വിദ്യാർത്ഥികൾക്ക് 3 വർഷത്തിനുള്ളിൽ പരീക്ഷ എഴുതിയാൽ മതിയെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ പ്രോജക്ടിനായി നടത്തിയ 46,150/-രൂപയുടെ ചെലവ് താൽക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു.

തുല്യതാ പരീക്ഷയ്ക്കായി ഫീസടച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ പഠിതാക്കളും കോഴ്സ് അറ്റന്റ് ചെയ്ത് പരീക്ഷ എഴുതി സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതും തടസ്സം ഒഴിവാക്കേണ്ടതുമാണ്.

**1-28 പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ- പൂർത്തീകരണവിവരവും ചെലവുതുകയുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമായിട്ടില്ല**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 38/23-24 |
| അടങ്കൽതുക<br>ആകെ | 200000 (വികസനഫണ്ട്)<br>300000 (തനതുഫണ്ട്)<br>500000 |
| ചെലവ് തുക<br>ആകെ | 22772 ( 146/10-11-23)<br>174763 ( ചെക്ക് നം -59080/26-3-24)<br>197535 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുള്ള വിവിധ റോഡുകളിലേക്ക് കയറിനിൽക്കുന്ന വൈദ്യുതപോസ്റ്റുകൾ റോഡിനുപുറത്തേക്ക് മാറ്റിസ്ഥാപിക്കുന്നതിന് കെ.എസ്ഇ.ബി ലഭ്യമാക്കിയ എസ്റ്റിമേറ്റനുസരിച്ച് മേൽപ്പറഞ്ഞപ്രകാരം 197535/-രൂപ തൻവർഷം സ്ഥാപനത്തിൽ അടവാക്കിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പോസ്റ്റുകൾ | എസ്റ്റിമേറ്റ്തുക | അടവാക്കിയ തുക | റിമാർക്സ് |
|---|---|---|---|
| രാജൻമാത്യുറോഡ് ( V/NP/16/2) | 18391 | | |
| കൂനംമാമ്മൂട്-പുന്നശ്ശേരിക്കുന്ന് റോഡ് ( V/Kiv/19/5) | 35490 | | |
| പുത്തനങ്ങാടി-നരിമറ്റം റോഡ് ( NP 95/151) | 15,687 | | |
| കൊട്ടാരത്തിൽക്കടവ്-പെരുവേലിപ്പാലം റോഡ് ( V/PTK78മുതൽ V/PTK 89 വരെ | 282423 | | |
| ആകെ | 351991 | 174,763 | |
| ഞണ്ടുകുളം കോളനിറോഡ് V/Up/62E/1, V/Up/62E/2 | 22772 | 22772 | പൂർത്തീകരണത്തിനാവശ്യമായ തുക നൽകുന്നത് |
| ആകെമൊത്തം | 3,74,763 | 1,97,535 | |

പ്രോജക്റ്റിന്റെ ഭാഗമായി 197535/-രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. കൂടാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള ബാലൻസ് തുക ക്യൂലിസ്റ്റിലായ 1,77228/- രൂപയുടെ ബിൽതുക 2024-25 വർഷം കൈമാറുകയും ചെയ്തു. എന്നാൽ മേൽപട്ടികപ്രകാരമുള്ളതിൽ കെഎസ്ഇബി നടപ്പാക്കിയതും പൂർത്തീകരിച്ചിട്ടുള്ളതുമായ പ്രവൃത്തികളുടെ വിവരവും, തൻവർഷം പഞ്ചായത്ത് കൈമാറിയ തുകയുടെ ധനവിനിയോഗ വിവരവും നിർവ്വഹണസ്ഥാപനത്തിൽനിന്നും ലഭ്യമായിട്ടില്ല. മേൽവിവരം ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി (നം-13/26.08.24) നൽകിയിരുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ റോഡ് പ്രവൃത്തികളുടെ ഭാഗമായി ഓരോ വാർഡിലേയും പ്രവൃത്തികൾ നടപ്പാക്കിയിട്ടുള്ളതാണെന്ന് ആതാത് മെമ്പർമാർ അറിയിച്ചിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കി. എന്നാൽ കെ.എസ്.ഇ.ബിയിൽനിന്നും പൂർത്തീകരണസാക്ഷ്യപത്രവും ധനവിനിയോഗസാക്ഷ്യപത്രവും നിലവിൽ ലഭ്യമായിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ തൻവർഷം കൈമാറിയ 1,97,535/-രൂപയുടെ ചെലവ് താൽക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു. പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ചും തുകയുടെ വിനിയോഗം സംബന്ധിച്ചും നിർവ്വഹണ സ്ഥാപനത്തിൽനിന്നുമുള്ള സാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂർ ക്രമീകരിച്ച ശേഷം വിശദാംശം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-29 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ - പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടില്ല**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/പേര് | 186/24, റോഡ് കണക്റ്റിവിറ്റി |
| അടങ്കൽ തുക, ഫണ്ടിനം | 60000/-<br>തനത് ഫണ്ട് |

| | |
|---|---|
| ചെലവ് തുക<br><br>ആകെ | 30000/- (52/26-7-23)<br>15000/- ( 270/19-2-24)<br>45000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മറ്റിയുടെ 14.9.21 ലെ യോഗത്തിന്റെ 4.11 നമ്പർ തീരുമാനപ്രകാരം വാർഡ് ഒന്നിന് 3000/- രൂപ നിരക്കിൽ KSREC തയ്യാറാക്കിയ R- TRACK ആപ്പ് ഉപയോഗിച്ച് റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാവുന്നതാണ്. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിലെ എല്ലാവാർഡുകളിലേയും റോഡുകൾ ആർ-ട്രാക്ക് ചെയ്ത് റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനാണ് ടി പ്രോജക്ട് തയ്യാറാക്കിയത്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിലെ 20 വാർഡുകളിലേയും റോഡുകളുടെ വിവരം ഉൾപ്പെടുത്തി കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയ ഇനത്തിൽ ഷിനുപോൾ എന്ന വ്യക്തിക്ക് മേൽപ്പറഞ്ഞപ്രകാരം 45000/-രൂപ അനുവദിച്ചിട്ടുണ്ട്. **എ**ന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി അന്തിമമായി അംഗീകരിച്ചിട്ടില്ല. അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറിനമ്പർ 5/24-09-24) ലഭ്യമാക്കിയ മറുപടിയിൽ സെർവർ അപ്ഡേഷൻ നടന്നതിനുശേഷം ഓഫ് ലൈൻ, ഓൺലൈൻ ജിപിഎസ് ട്രാക്കിംഗ് ചെയ്യുവാൻ സാധിക്കുന്നില്ലെന്നും ആയതിനാൽ റീ-ട്രാക്കിംഗ് നടന്നിട്ടില്ലെന്നും ടി വിവരം KSREC-യെ അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. കൃത്യമായി ട്രാക്ക് ചെയ്ത റോഡുകളുടെ എ.ഇ ലെവൽ വേരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുള്ളതായും അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ലെവൽ വേരിഫിക്കേഷൻ നടന്നുകൊണ്ടിരിക്കുകയാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

പ്രവൃത്തി നിർവ്വഹണത്തിന് തടസ്സമായിട്ടുള്ള സാങ്കേതികപ്രശ്നങ്ങൾ പരിഹരിച്ചു ലഭിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ട്രാക്കിംഗ് നടപടികൾ പൂർത്തീകരിച്ച് ഓരോ വാർഡിലേയും എല്ലാ റോഡുകളുടെയും കൃത്യമായ വിവരം കണക്ടിവിറ്റി മാപ്പിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വാർഡ് മെമ്പർമാർ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നീ തലങ്ങളിൽ പരിശോധിച്ച് വിലയിരുത്തേണ്ടതുമാണ്. തുടർന്ന് ഉദ്യോഗസ്ഥ തലത്തിലുള്ള പരിശോധനയും ഉപരിപരിശോധനയും പൂർത്തീകരിച്ച് ഗ്രാമപഞ്ചായത്ത് കമ്മിറ്റി അന്തിമമായി അംഗീകരിച്ച് റോഡ് കണക്ടിവിറ്റി മാപ്പ് യാഥാർത്ഥ്യമാക്കേണ്ടതുമാണ്. തുടർനടപടികളുടെ വിവരം പ്രോജക്ട് തൃപ്തികരമായി പൂർത്തിയാക്കിയതിന്റെ സാക്ഷ്യപത്രം സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആയതുവരേയ്ക്കും ഇതിനായി നടത്തിയ 45000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 അങ്കണവാടിക്ക് സ്ഥലം വാങ്ങൽ- പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ നടപടി ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 160/24 |
| അടങ്കൽ തുക<br><br>ആകെ | 200000/- ( കേന്ദ്രാവിഷ്കൃതഫണ്ട്)<br>600000/- ( തനതുഫണ്ട്)<br>800000/- |
| ചെലവ് തുക | 500000/-( തനതുഫണ്ട്) |
| ചെക്കുനമ്പർ | 208/8-1-2024 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

16-ാം വാർഡിലെ 94-ാംനമ്പർ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി വാകത്താനം വില്ലേജിലെ ജമിനിപ്പടിക്ക് സമീപം ബ്ലോക്കുനമ്പർ 12, റീസർവ്വേനമ്പർ 494/7-ൽപ്പെട്ട 4 സെന്റ് സ്ഥലം വാങ്ങുകയും പഞ്ചായത്തിന്റെ പേരിൽ ആധാരം ചെയ്യുകയും ചെയ്തിരുന്നു. വസ്തുവിന്റ വിലയിനത്തിൽ തനതുഫണ്ടിൽനിന്നും 5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2005-ലെ കേരളപഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരമുള്ള 18 വർഷത്തെ കുടിക്കട സർട്ടിഫിക്കറ്റ്, ശരിയായ ഉടമസ്ഥാവകാശം സംബന്ധിച്ച് ഗവ.പ്ലീഡറുടെ സാക്ഷ്യപത്രം, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ ഓഫീസിൽ നിന്നുള്ള അനുയോജ്യതാസാക്ഷ്യപത്രം എന്നിവ ലഭിക്കുന്നതിനുമുൻപ് സ്ഥലത്തിന്റെ ആധാരം നടത്തിയ നടപടി പിന്നീട് സാധൂകരിച്ച് ലഭിച്ചിട്ടുണ്ട്. ഫയൽപരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ ചുവടെചേർക്കുന്നു.

1)കേന്ദ്രാവിഷ്കൃഫണ്ട് 2 ലക്ഷം രൂപ പ്രോജക്ടിന് വകയിരുത്തുകയും ഐസിഡിഎസ് കേന്ദ്രാവിഷ്കൃതഫണ്ട് നിക്ഷേപിക്കുന്ന അക്കൗണ്ടിൽ 40 ലക്ഷം രൂപയോളം ബാലൻസ് നിലനിൽക്കുകയും ചെയ്തിരുന്ന സാഹചര്യത്തിലും ചെലവ് പൂർണ്ണമായും തനതുഫണ്ടിൽനിന്നുമാണ് നടത്തിയിട്ടുള്ളത്.

2)അനുയോജ്യതാസാക്ഷ്യപത്രം നൽകിക്കൊണ്ടുള്ള കോട്ടയം ജില്ലാ പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ നടപടി ഉത്തരവിൽ നിർദ്ദിഷ്ട ആവശ്യത്തിനായി വാങ്ങിയ ഭൂമി ഒരു വർഷത്തിനുള്ളിൽ പ്രസ്തുത ആവശ്യത്തിനായി വിനിയോഗിച്ചിരിക്കേണ്ടതാണെന്നും, കൂടാതെ പ്രോജക്ട് പ്രകാരം ആർജ്ജിച്ച ഭൂമി ചുറ്റുമതിൽകെട്ടി സംരക്ഷിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു.മേൽ

നിബന്ധനകൾ പാലിച്ചിട്ടില്ല. പ്രസ്തുത നിബന്ധനകളൊന്നും നടപ്പിൽ വരുത്തിയിട്ടുമില്ല.

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (9/25-9-24) മറുപടി ലഭ്യമാക്കിയില്ല. എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെതുടർന്ന് ഐസിഡിഎസ് അക്കൗണ്ടിൽ വലിയ തുക ബാലൻസ് ഉള്ള വിവരം അറിയില്ലായിരുന്നുവെന്നും, 2024-25 വർഷം കെട്ടിടം പണിക്കായി പ്രോജക്ട് വച്ചിട്ടുണ്ടെന്നും സ്ഥലം മതിൽകെട്ടി സംരക്ഷിക്കുന്നതാണെന്നും വൈസ് പ്രസിഡന്റ് അറിയിച്ചു .

പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് പ്രകാരമുള്ള പ്രവൃത്തികൾ നടപ്പാക്കേണ്ടതും മിച്ചം നിൽക്കുന്ന കേന്ദ്രാവിഷ്കൃതഫണ്ട് അങ്കണവാടികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഉപയോഗപ്പെടുത്തേണ്ടതുമാണ്. മറുപടിയിൽ വ്യക്തമാക്കിയ പ്രകാരം ഈ വിഷയത്തിൽ പഞ്ചായത്ത് സ്വീകരിക്കുന്ന തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-31 വെള്ളക്കരം ഇനത്തിൽ ഭീമമായ തുക ചെലവഴിക്കുന്നു**

2020 വർഷത്തിൽ വാകത്താനം ഗ്രാമ പഞ്ചായത്തും, കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ 72 പൊതു ടാപ്പുകൾ പ്രവർത്തിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. 06.06.2020ലെ 11(1) കമ്മിറ്റി തീരുമാന പ്രകാരം 72 ടാപ്പുകളുടെ മാത്രം വെള്ളക്കരം ഈടാക്കുന്നതിന് KWA- യ്ക്ക് അറിയിപ്പ് നൽകുന്നതിന് തീരുമാനിച്ചു. എന്നാൽ ഇതിന് ശേഷവും പഞ്ചായത്തിൽ നിന്നും 131 ടാപ്പുകളുടെ വെള്ളക്കരം അടയ്ക്കുന്നതായി കാണുകയും 72 പൊതു ടാപ്പുകൾക്കുള്ള വെള്ളക്കരം മാത്രം നിശ്ചയിച്ച് നൽകുന്നതിന് 22.12.2022 ലെ സെക്രട്ടറിയുടെ (SC2/1480/20) കത്ത് പ്രകാരം വാട്ടർ അതോറിറ്റിയെ അറിയിച്ചിട്ടുള്ളതുമാണ്. 17.05.23 ലെ സംയുക്ത പരിശോധന റിപ്പോർട്ട് നമ്പർ A00519/PASL03/General/2023/1922/(1) പ്രകാരം 64 പൊതു ടാപ്പുകൾ മാത്രമാണ് പഞ്ചായത്തിൽ ഉള്ളതെന്ന് കണക്കാക്കിയിട്ടുണ്ട്. ഡിസ്കണക്ഷൻ ചാർജ്ജ് ഡെപ്പോസിറ്റ് ചെയ്ത് കണക്ഷൻ ഡിസ്കണക്ട് ചെയ്തതിന് ശേഷം മാത്രമെ വെള്ളക്കരം ഡിമാന്റിൽ കുറവ് വരുത്തുകയുള്ളൂ എന്ന് വാട്ടർ അതോറിറ്റി 02.06.2023 ൽ എബി 3/GL/2022 നം. കത്ത് പ്രകാരം ഗ്രാമ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഡിസ്കണക്ഷൻ ചാർജ്ജ് അടവാക്കാൻ സാധിക്കില്ലെന്നും അധികമായി ഈടാക്കിയ വാട്ടർ ചാർജ്ജ് ക്രമീകരിച്ച് നൽകുന്നതിന് അറിയിപ്പ് നൽകുന്നതിനും 05.08.23 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 5(1) പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. 22.03.24 ലെ വാട്ടർ അതോറിറ്റിയുടെ A3/3458/2023 കത്ത് പ്രകാരം വെള്ളക്കരം 301717/- രൂപ കുടിശ്ശിക ഉണ്ട്. 2023-24 വർഷം 931776/- രൂപ വെള്ളക്കരം ഇനത്തിൽ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. കടിശ്ശിക അടവാക്കുന്നതിന്മേൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർനടപടിയുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 28/26.09.2024) ന് മറുപടി ലഭിച്ചിട്ടില്ല. നിലവിൽ പ്രവർത്തിക്കുന്ന ടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഒടുക്കുന്നതിലേയ്ക്ക് സാധിക്കും വിധം വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-32 ലൈഫ് ഭവനപദ്ധതി-ഭവനനിർമ്മാണം പൂർത്തിയാക്കാതെ അവശേഷിക്കുന്നു**

വാകത്താനം ഗ്രാമപഞ്ചായത്ത് ലൈഫ് ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട്എസ്.സി/ ജനറൽവിഭാഗം ഗുണഭോക്താക്കൾ പഞ്ചായത്തുമായി കരാറിലേർപ്പെടുകയും വിവിധ ഗഡുക്കളായി തുക കൈപ്പറ്റുകയും ചെയ്തുവെങ്കിലും താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാതെ അവശേഷിക്കുന്നു. നിലവിൽ ടി നിർമ്മാണ പ്രവർത്തികൾ നിശ്ചലാവസ്ഥയിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം | വിഭാഗം | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തിയതി | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | ചന്ദ്രിക ഗോപി വടക്കേക്കരത്തറ | എസ്.സി | 40000<br>60000<br>100000<br>100000 | 26.03.2022<br>28.06.2022<br>06.10.2022<br>27.12.2022 | ലിന്റൽ ലെവൽ |
| 2 | സന്തോഷ് പിസി പുതുപ്പറമ്പിൽ കുരിശുംമൂട് | എസ്.സി | 40000<br>160000 | 26.03.2022<br>7.11.2022 | തറ പൂർത്തീകരിച്ചു |
| 3 | പ്രദീപ് പി എസ് മുനിസിപ്പൽകോളനി ഫാത്തിമപുരം ചങ്ങനാശേരി | എസ്.സി | 40000 | 09.02.2023 | അഡ്വാൻസ് കൈപ്പറ്റി |

| | | | | | |
|---|---|---|---|---|---|
| 4 | പ്രീത ബിജു പിള്ളച്ചിറക്കാലായിൽ പുത്തൻചന്ത വാകത്താനം | എസ്.സി | 40000<br>160000 | 9.2.2023<br>28.5.2023 | തറ പൂർത്തീകരിച്ചു |
| 5 | രാജു പട്ടൻ മുനിസിപ്പൽ കോളനി ഫാത്തിമപുരം ചങ്ങനാശേരി | എസ്.സി | 40000 | 09.02.2023 | അഡ്വാൻസ് കൈപ്പറ്റി |
| 6 | രഞ്ജു ബാബു ഇടത്തുംകടവിൽ വാകത്താനം | എസ്.സി | 40000<br>160000 | 16.02.2023<br>28.05.2023 | തറ പൂർത്തീകരിച്ചു |
| 7 | ബിന്ദു ഐസക്ക് മുക്കാട്ട് വലിയപ്പറമ്പിൽ നീലംപേരൂർ കുറിച്ചി | ജനറൽ | 400000<br>160000<br>100000 | 28.03.2023<br>25.05.2023<br>16.08.2023 | ലിന്റൽ ലെവൽ |

മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, അഡ്വാൻസ് കൈപ്പറ്റി ഭവനനിർമ്മാണം നടത്തുന്നില്ല എങ്കിൽ ടി ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതുമാണ്. തുടർ നടപടികളുടെയും ഭവന പൂർത്തീകരണത്തിന്റെയും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-33 ടോയ് ലറ്റ് നിർമ്മാണത്തിന് വർഷങ്ങൾക്കുമുൻപ് ആവിഷ്ക്കരിച്ച പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല**

ഞാലിയാകുഴി ടാക്സിസ്റ്റാന്റിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനായി കേന്ദ്രാവിഷ്കൃതഫണ്ട് 200000/- രൂപ വകയിരുത്തി ആവിഷ്ക്കരിച്ച പ്രോജക്ട് ഭാഗികമായി മാത്രം നടപ്പാക്കിയിട്ടുള്ളതായും നിലവിൽ പണി നടത്തുന്നില്ലാത്തതായും സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. വർഷങ്ങളായി സ്പിൽ ഓവറായി തുടരുന്ന പ്രസ്തുത പ്രോജക്ട് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നമ്പർ - 30/27-9-24) മറുപടി ലഭ്യമാക്കിയില്ല. എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെതുടർന്ന് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനായി ആവിഷ്ക്കരിച്ച പ്രോജക്ടിന് ഡിപിസി അനുമതി ലഭിക്കുകയും ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയും നിർവ്വഹണം ആരംഭിക്കുകയും ചെയ്തിരുന്നതാണെന്ന് വൈസ് പ്രസിഡന്റ് അറിയിച്ചു. എന്നാൽ പ്രവൃത്തി നടന്നുവരവെ ടാക്സിസ്റ്റാന്റിനായി വാങ്ങിയ സ്ഥലത്ത് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനെതിരെ വ്യാപാരികൾ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും നിർമ്മാണ പ്രവർത്തനം നിർത്തിവയ്ക്കാൻ കോടതി നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി തുടർന്നു നടത്താതിരുന്നതെന്നും ചെയ്ത പ്രവൃത്തിയുടെ തുക കരാറുകാരന് നൽകിയിട്ടില്ലെന്നും വ്യക്തമാക്കുകയുണ്ടായി.

ടാക്സിസ്റ്റാന്റിനായി വാങ്ങിയ സ്ഥലത്ത് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതിതേടി സർക്കാരിലേക്ക് അപേക്ഷ നൽകുകയും നിർമ്മാണ പ്രവർത്തനത്തിനുള്ള ഡിപിആർ സഹിതം അപേക്ഷ സമർപ്പിക്കാൻ സർക്കാർ നിർദ്ദേശം ലഭിക്കുകയും ചെയ്ത സാഹചര്യത്തിൽ സർക്കാരിലേക്ക് നൽകുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ ടോയ്‌ലറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള നിലവിലെ സ്ഥിതിവിവരം കൂടി ഉൾപ്പെടുത്തേണ്ടതാണ്. ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കി കരാറുകാരന് തുക അനുവദിക്കുന്നതിലും, പണി പൂർത്തീകരിക്കുന്ന കാര്യത്തിലും സർക്കാരിൽ നിന്നും സ്പഷ്ടീകരണം തേടാവുന്നതും സർക്കാർ അനുമതിക്കു വിധേയമായും കോടതി നിർദ്ദേശമനുസരിച്ചും ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-34 മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക ക്രമീകരിച്ചിട്ടില്ല.**

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായി വാർഡ് ഒന്നിന് 10000/- രൂപ വീതം 20 വാർഡുകൾക്കായി വൗച്ചർ നമ്പർ 2300278/13.6.23 പ്രകാരം ആകെ 2 ലക്ഷം രൂപയും, ടി പ്രവർത്തനങ്ങൾക്കുള്ള ശുചിത്വമിഷൻ വിഹിതം ലഭ്യമാകാത്തതിനാൽ ഈയിനത്തിൽ വാർഡ് ഒന്നിന് 10000/- രൂപ വീതം വൗച്ചർ നം. 22300670/12.10.23 പ്രകാരം 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4 ലക്ഷം രൂപ തനതുഫണ്ടിൽനിന്നും വാർഡുതല കമ്മിറ്റി കൺവീനർമാരുടെ അക്കൗണ്ടുകളിലേക്ക് അനുവദിച്ചിരുന്നു. 08.03.2023 ലെ WM3/38/2023-LSGD സർക്കുലർ പ്രകാരം ശുചിത്വമിഷൻ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് 2 ലക്ഷം രൂപ തിരികെ തനതുഫണ്ടിലേക്ക് ക്രമപ്പെടുത്തേണ്ടതാണ്. എന്നാൽ തനതുഫണ്ടിൽ നിന്നും അഡ്വാൻസ് നൽകിയ തുക റീകൂപ്പ് ചെയ്ത് ക്രമീകരിച്ചതായി കാണുന്നില്ല . ശുചിത്വമിഷൻ ഫണ്ട് ലഭ്യമാക്കി അഡ്വാൻസ് തുക ക്രമീകരിക്കേണ്ടതാണ്. മുൻകൂർ നൽകിയ തുക

തനതുഫണ്ടിലേയ്ക്ക് ക്രമപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്. ആയതുവരെ 2,00,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-35 ടാക്സിസ്റ്റാന്റിന് സ്ഥലം ഏറ്റെടുക്കൽ- ഗ്രാമപഞ്ചായത്തിന്റെ ബാധ്യത ഗണ്യമായി വർദ്ധിച്ചുവരുന്നു - പരിഹാരനടപടികൾ അനിശ്ചിതത്വത്തിൽ**

ഞാലിയാകുഴി ജംഗ്ഷനിൽ ബ്ലോക്ക് നമ്പർ 12 , 203/1, 203/1-1, 203/1-2 സർവ്വേനമ്പരുകളിൽപ്പെട്ടതും ശ്രീ മാത്യു കുര്യൻ വള്ളിക്കാട്ട്, തെക്കേക്കര ശ്രീ. ബാബു വർഗ്ഗീസ് എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 18.70 ആർ സ്ഥലം സർക്കാർ അനുമതിക്ക് വിധേയമായി ടാക്സിസ്റ്റാന്റ് നിർമ്മാണത്തിനായി 03-05-2010 -ൽ ഗ്രാമപഞ്ചായത്ത് പൊന്നും വിലക്ക് ഏറ്റെടുത്തിരുന്നു. സ്ഥല ഉടമകൾ പ്രസ്തുത സ്ഥലത്തിന്റെ വിലനിർണ്ണയവുമായി ബന്ധപ്പെട്ട് പരാതി ഉന്നയിക്കുകയും കോട്ടയം സബ്കോടതിയിൽ പഞ്ചായത്തിനും ജില്ലാകളക്ടർക്കും എതിരായി കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് സബ്കോടതിയിലും ബഹു. ഹൈക്കോടതിയിലും ചുവടെ ചേർക്കുംപ്രകാരം കേസുകൾ നിലനിൽക്കുകയും ചെയ്യുന്നുണ്ട്.

1)LAR-1/2011 – കോട്ടയം സബ്കോടതിയിൽ വിലനിർണ്ണയുമായി ബന്ധപ്പെട്ട് സ്ഥല ഉടമകൾ ഫയൽചെയ്തത്

2) EP-116/2019- വിധി നടപ്പാക്കുന്നതിന് എതിർകക്ഷിതന്നെ ഫയൽ ചെയ്ത എക്സിക്യൂഷൻ പെറ്റീഷൻ
3) LAA-255/2019- പഞ്ചായത്ത് ഹൈക്കോടതിയിൽ ഫയൽ ചെയ്ത സ്റ്റേ പെറ്റീഷൻ

കോടതി ഉത്തരവുകൾ പാലിക്കുന്നതിലും കൗണ്ടർ പെറ്റീഷൻ ഫയൽചെയ്ത് പഞ്ചായത്തിന്റെ വാദം കോടതിയെ ബോധിപ്പിക്കുന്നതിലും അകാരണമായ കാലവിളംബവും അനാസ്ഥയും പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് 2022-23-ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്( ഖണ്ഡിക 1-15 )

<u>പഞ്ചായത്തിന് 30-9-23 വരെ 1.85 കോടി രൂപയുടെ സാമ്പത്തികബാധ്യത</u>

ഹൈക്കോടതിയുടെ 15-7-23-ലെ എൽ.എ.എ 255/2019/2023075784 നമ്പർ കത്തുപ്രകാരം 30-9-23വരെ പലിശസഹിതം 1,85,56,405/-രൂപ ഗ്രാമപഞ്ചായത്ത് ഈയിനത്തിൽ ബാധ്യതപ്പെട്ടിരിക്കുന്നതായും ആയതിന്റെ 50% തുകയായ 92,78,203/-രൂപ ഉത്തരവ് തീയതി മുതൽ രണ്ട് മാസത്തിനകം അടവാക്കണമെന്ന് ഹൈക്കോടതി വിധിക്കുകയും ചെയ്തിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ ബോധ്യപ്പെട്ടിട്ടുള്ളതാണ്.

<u>1)കോടതി നടപടികളുടെ ഭാഗമായി 26,45,454/- രൂപ ഓഡിറ്റ് വർഷം പഞ്ചായത്ത് അടവാക്കി</u>

എക്സിക്യൂഷൻ പെറ്റീഷൻ നടപടികൾ സ്റ്റേ ചെയ്യുന്നതിന് വാകത്താനം പഞ്ചായത്ത് ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത IA-1/2021 In LAA-255/2019 സ്റ്റേ പെറ്റീഷൻ അനുവദിച്ചു കൊണ്ട് കോടതി നിർദ്ദേശിച്ച 50 ശതമാനം തുകയിൽ 52,62,995 രൂപ 03/08/2021ന് അടവാക്കിയിരുന്നതാണ്. ബാക്കി തുക 26,45,454 രൂപ രണ്ട് മാസത്തിനുള്ളിൽ അടവാക്കണമെന്ന് സൂചിപ്പിച്ച് ബഹു. കേരള ഹൈക്കോടതി 11/07/2023ന് വിധിയായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ചെക്ക് നമ്പർ XY-0092901/ 9-8-23 പ്രകാരം 26,45,454/- രൂപ ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടുണ്ട്.

<u>2)നിലവിലെ ബാധ്യത സംബന്ധിച്ച് വ്യക്തതയില്ല</u>

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്തിന്റെ നിലവിലെ ബാധ്യത തുക (മുതലും പലിശയും, പിഴപ്പലിശയും തിരിച്ച്) നിർണ്ണയിച്ചു ലഭിക്കുന്നതിനു് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ആയതിനാൽത്തന്നെ ബാധ്യത സംബന്ധിച്ച് വ്യക്തതയുമില്ല. ഇക്കാരണത്താൽ തുക അടവാക്കുന്നതിന് സാധിക്കാതെ പലിശയിനത്തിൽ ബാധ്യത ഗണ്യമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം നിലനിൽക്കുന്നു. .

<u>3) പ്രത്യേക അജണ്ടയായി ചർച്ചചെയ്ത് തീരുമാനമെടുത്തിട്ടില്ല.</u>

ഗ്രാമപഞ്ചായത്തിന്റെ വികസന/ സാമ്പത്തിക താൽപര്യങ്ങളെ പ്രതികൂലമായി ബാധിക്കാവുന്ന ഗൗരവമേറിയ പ്രസ്തുത വിഷയത്തിൽ, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, തുടർനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതി/ സ്റ്റാന്റിംഗ് കമ്മിറ്റിയോഗങ്ങളിൽ പ്രത്യേക അജണ്ടയായി ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തിട്ടുണ്ടോയെന്ന വിവരം, യോഗതീയതി, അജണ്ടനമ്പർ, എടുത്ത തീരുമാനം എന്നിവ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ട് (നം.25/26-09-24) പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മിനിറ്റ്സ് രേഖകൾ പരിശോധിച്ചതിൽ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പഞ്ചായത്ത് കമ്മറ്റി വിഷയം പ്രത്യക അജണ്ടയായി ഉൾപ്പെടുത്തി ചർച്ച നടത്തുകയോ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ലെന്ന് കാണുന്നു.

4) <u>വാങ്ങിയ സ്ഥലം നിലവിലും നിഷ്ക്രിയ ആസ്തിയായി തുടരുന്നു</u>

ഗ്രാമപഞ്ചായത്തിന് കോടികളുടെ ബാധ്യത വരുത്തിയ പ്രസ്തുത വ്യവഹാരത്തിന്റെ ഭാഗമായി ഏറ്റെടുത്തതും റവന്യൂരേഖകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കിയിരുന്നതുമായ സ്ഥലം നിലവിലും നിഷ്ക്രിയ ആസ്തിയായും വരുമാനദായകമല്ലാത്തതരത്തിൽ അനധികൃത പാർക്കിംഗ് സ്ഥലമായും തുടരുകയാണ്. ടാക്സിസ്റ്റാന്റിനായി ഏറ്റെടുത്ത സ്ഥലത്ത് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തടസ്സമുള്ളതിനാൽ സർക്കാരിന്റെ പ്രത്യേക അനുമതിക്കായി അപേക്ഷ നൽകുകയും നിർമ്മാണ പ്രവർത്തനത്തിന്റെ ഡിപിആർ സഹിതം അപേക്ഷ പുന:സമർപ്പിക്കാൻ നിർദ്ദേശിക്കുകയുമുണ്ടായി. ഡിപിആർ തയ്യാറാക്കുന്നതിനായി പ്രോജക്ട്

തയ്യാറാക്കിയിരുന്നുവെങ്കിലും ഡിപിആർ തയ്യാറാക്കി ലഭിച്ചിട്ടില്ലാത്തതിനാൽ സർക്കാരിലേക്ക് അപേക്ഷ പുന:സമർപ്പിച്ചിട്ടില്ല.

5)കോടതി ഉത്തരവ് പാലിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിച്ചില്ല

പരാതിക്കാരനനുകൂലമായി കോടതിവിധി ഉണ്ടായ നിർണ്ണായക സാഹചര്യത്തിൽ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് കോടതി ഉത്തരവ് പാലിക്കുന്നതിനോ അപ്പീൽനൽകുന്നതിനോ ഗ്രാമപഞ്ചായത്തധികൃതർ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിച്ചില്ല. ആയതിനാലാണ് പലിശയിനത്തിൽ വലിയ തുക അടവാക്കേണ്ടി വന്നത്.

6) ഗ്രാമപഞ്ചായത്തിനെ കടുത്ത സാമ്പത്തികപ്രതിസന്ധിയിലേക്ക് നയിക്കാവുന്നതും കോടതിയുടെ പരിഗണനയിലിരിക്കുന്നതുമായ ഗൗരവമേറിയ പ്രസ്തുത വിഷയം അർഹിക്കുന്ന പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുന്നതിലേക്കായി പഞ്ചായത്ത് തലത്തിൽ പ്രത്യേകസമിതി രൂപീകരിച്ചിട്ടില്ല.

തുടർനടപടികളിലെ കാലതാമസംമൂലം വർദ്ധിച്ചുകൊണ്ടേയിരിക്കുന്ന കോടികളുടെ ബാധ്യത ഒഴിവാക്കി ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യം സംരക്ഷിക്കപ്പെടേണ്ടത് അനിവാര്യമാണ്. ആയതിനാൽ കോടതി നിർദ്ദേശാനുസരണം പലിശയുൾപ്പെടെ പഞ്ചായത്ത് അടവാക്കേണ്ട തുക അടവാക്കുന്നതിനും കേസ് തീർപ്പാകുന്നതിനും അടിയന്തിര പ്രാധാന്യം നൽകി തീരുമാനങ്ങളെടുത്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കൂടാതെ നിർദ്ദിഷ്ടസ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് സർക്കാർ അനുമതി ലഭ്യമാകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും, ഗ്രാമപഞ്ചായത്തിന്റെ വികസനസ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കത്തക്കതരത്തിൽ വരുമാനവർദ്ധനവിനുതകുന്നവിധം ആസ്തി സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ ഉണ്ടാകേണ്ടതുമാണ്. ഭരണസമിതിയുടേയും വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധയും ഇടപെടലും ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-36 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- കേരളത്തിലെ മാലിന്യസംസ്ക്കരണം ഹരിതകർമ്മസേനയിലൂടെ

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്ക് വേഗത വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കി വരുന്ന നൂതനസംരംഭമാണ് ഹരിതകർമ്മസേന മുഖേനയുള്ള മാലിന്യ സംസ്കരണം. ഹരിത കേരള മിഷൻ, കുടുംബശ്രീ, പൊലൂഷൻ കൺട്രോൾ ബോർഡ്, ക്ലീൻ കേരള കമ്പനി എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് ഈ പദ്ധതി പ്രാവർത്തികമാക്കുന്നത്. ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന മിഷന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിച്ചിരിക്കുന്നത്. ഹരിതകർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച 15/07/2017 ലെ 2420/2017/തസ്വഭവ ഉത്തരവിൽ പറയും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും ആയതിന് സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യമുക്തമാക്കുകയെന്നതാണ് ഹരിതകർമ്മസേനയുടെ പ്രഥമലക്ഷ്യം.

കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്ത് മാലിന്യ നിർമ്മാർജ്ജനമേഖലയിൽ സർക്കാർ നിർദ്ദേശാനുസരണം രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങളും, അവയിലൂടെ അനിവാര്യ ചുമതലകളുടെ ഭാഗമായും വാർഷിക പദ്ധതികളുടെ ഭാഗമായും മാലിന്യസംസ്ക്കരണം/നിർമ്മാർജ്ജനം ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള വിവിധ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടേയും നേരിട്ടുള്ള പരിശോധനയുടേയും അടിസ്ഥാനത്തിൽ അവലോകനം ചെയ്തതിൽ ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 20 വാർഡുകളിലായി ആകെ ജനസംഖ്യ 36925 ആണ്. ആകെ ആക്കീവായിട്ടുള്ള വീടുകൾ 8522 എണ്ണവും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 663 എണ്ണവുമാണ്. ആകെയുള്ള 20 വാർഡുകളിലെ പ്രവർത്തനങ്ങൾക്കായി 35 ഹരിതകർമ്മസേനാംഗങ്ങൾ നിലവിലുണ്ട്. ഹരിത കർമ്മസേനാംഗങ്ങളായി പ്രവർത്തിക്കുവാൻ ആളുകളെ ലഭിക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നതായി വി.ഇ.ഒ അറിയിച്ചു. 1, 8, 9, 10, 11 വാർഡുകൾക്ക് ഒരു ഹരിതകർമ്മസേനാംഗമാണുള്ളത്. ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി അസ്സസ്മെന്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഡിജിറ്റൽ മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി QR കോഡ് പതിക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ട്. എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ലഭിക്കുന്നില്ല. 2023-24 സാമ്പത്തിക വർഷത്തിൽ (75-80)% യൂസർ ഫീ കളക്ഷൻ നടത്തുന്നതിന് സാധിച്ചിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങളുടെ ശരാശരി മാസവരുമാനം 8000-10000 രൂപ ആണ്. ഹരിതകർമ്മ സേനയുടെ വരുമാന വർദ്ധനവിനായി കൺസോർഷ്യം ഫണ്ടിൽ നിന്നും എന്തെങ്കിലും സംരംഭം തുടങ്ങാൻ നിരന്തരം അംഗങ്ങളെ അറിയിക്കാറുണ്ട്. ഇതുവരെ സംരംഭങ്ങൾ ഒന്നും തന്നെ തുടങ്ങാൻ സാധിച്ചില്ലയെന്നും വി.ഇ.ഒ അറിയിച്ചു.

### മാലിന്യം കൈമാറ്റം/നീക്കം ചെയ്യലിലെ കാര്യക്ഷമത

എല്ലാ മാസവും 15-ാം തീയതിയ്ക്ക് ശേഷമാണ് ഹരിതകർമ്മ സേനാംഗങ്ങൾ വീടുകളിൽനിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നത്. ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ മിനി എം.സി.എഫുകളിൽ എത്തിക്കുകയും അവിടെ നിന്ന് മെയിൻ എം.സി.എഫിലേക്ക് വാഹനത്തിൽ മാലിന്യങ്ങൾ എത്തിച്ച്

വേർതിരിക്കുകയും ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്യുന്നു. ഗ്രാമപഞ്ചായത്തിൽ എല്ലാ വാർഡുകളിലും രണ്ട് മിനി എം.സി.എഫുകൾ വീതം ഉണ്ട്. ഗ്രാമ പഞ്ചായത്തിൽ രണ്ട് എം.സി.എഫുകൾ നിലവിലുണ്ട്. ഒന്ന് വാടക കെട്ടിടത്തിലും, മറ്റൊന്ന് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സ്ഥാപിച്ചതുമാണ്. കൂടാതെ പാതയോരങ്ങൾ, പൊതു ഇടങ്ങൾ, ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്നും ലെഗസി മാലിന്യങ്ങൾ വിവിധ ക്യാമ്പയിനുകൾ നടത്തി ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകുന്നുണ്ട്.

മാലിന്യശേഖരണത്തിനായി ശുചിത്വമിഷന്റെ നിർദ്ദേശാനുസരണം പ്രവർത്തന കലണ്ടർ തയ്യാറാക്കുകയും ടി കലണ്ടർ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഹരിത കർമ്മ സേന മുഖാന്തിരം നൽകുകയും പ്രസ്തുത കലണ്ടർ പ്രകാരം അജൈവ മാലിന്യശേഖരണം നടന്നുവരികയും ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികൾ SEUFന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. QR Code വഴി സേവനം നൽകുന്നതുമായി ബന്ധപ്പെട്ട് Keltronന്റെ സഹായത്തോടെ പരിശീലനം നൽകിയിട്ടുണ്ട്. എം.സി.എഫിൽ ഫയർ എക്സ്റ്റിൻഗ്യൂഷർ ഉപയോഗിക്കുന്നതിനായി ഫയർ ആന്റ് റെസ്ക്യൂ വിഭാഗം പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ റിഫ്രഷ്മെന്റ് ട്രെയിനിംഗ് കുടുംബശ്രീ മുഖേന നൽകിയിട്ടുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച അവലോകന യോഗം എല്ലാ മാസവും പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടത്തുകയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ വാർഡ് തലത്തിൽ കളക്ഷൻ നടക്കുന്ന സമയത്ത് വാർഡ് ചുമതലയുള്ള ഉദ്യോഗസ്ഥർ വിളിച്ച് ഇടപെടുകയും ആവശ്യമായ സാഹചര്യത്തിൽ ഫീൽഡിൽ പോയി ആവശ്യമായ സേവനങ്ങൾ നൽകുകയും ചെയ്തുവരുന്നു.

വാർഷിക പദ്ധതികളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് ജൈവമാലിന്യ സംസ്ക്കരണ ഉപാധികളും ബയോ ബിന്നുകളും മറ്റും വീടുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശുചിത്വ മിഷന്റെ സഹായത്തോടെ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കി വരുന്നു.

നിരത്തുകളിലും പൊതു ഇടങ്ങളിലും മാലിന്യം തള്ളിയതുമായി ബന്ധപ്പെട്ട് 2 വ്യക്തികൾക്ക് പിഴ ചുമത്തിയിട്ടുണ്ട്. മാലിന്യം നിക്ഷേപിച്ച ആളുകളിൽ നിന്നും 2023-24 ൽ 20000/- രൂപ ഫൈൻ ഈടാക്കിയിട്ടുള്ളതുമാണ്.

**<u>തൊഴിൽ സാദ്ധ്യത</u>**

മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് മാസത്തിൽ ശരാശരി 15 ദിവസം ഓരോ ഹരിതകർമ്മസേനാംഗത്തിനും തൊഴിൽ ലഭ്യമാകുന്നതായി കാണുന്നു. ഓരോ വാർഡുകളിലേയും വീടുകൾ/സ്ഥാപനങ്ങളുടെ എണ്ണത്തിനാനുപാതികമായി പ്രതിമാസം 8000/- മുതൽ 10000/- രൂപ വരെ വരുമാനവും ലഭ്യമാകുന്നുണ്ട്.

ജില്ലാ ശുചിത്വ മിഷന്റെ സഹകരണത്തോടെ നോട്ടീസ് അടക്കമുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും വിവിധ സോഷ്യൽ മീഡിയ നവമാദ്ധ്യമങ്ങൾ മുതലായവ വഴി വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഹരിതകർമ്മസേനയുമായി സഹകരിക്കാത്തവർക്ക് നോട്ടീസ് മുഖേനയും ബോധവൽക്കരണം നടത്തിയും കളക്ഷൻ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൈവമാലിന്യം ഉപയുക്തമാക്കി നിലവിൽ ജൈവവളം ഉല്പാദിപ്പിക്കുന്നില്ല. റിപ്പയറിംഗ് ഷോപ്പുകൾ, സ്വാപ്പ് ഷോപ്പുകൾ എന്നിവ ഇല്ല.

**<u>അടിസ്ഥാന സൗകര്യങ്ങൾ</u>**

ഹരിതകർമ്മസേന പ്രവർത്തനങ്ങൾക്കായി വാർഡുകളിലെ അജൈവ മാലിന്യശേഖരണം സുഗമമാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സ്വന്തമായി വാഹനം ഉണ്ട്. 75 ച.മീ വിസ്തീർണ്ണമുള്ള ഒരു കെട്ടിടം മാലിന്യ സംഭരണത്തിനായി എം.സി.എഫ് സ്ഥാപിക്കാൻ വാടകയ്ക്ക് എടുത്തിട്ടുണ്ട്. ഇവിടെ വൈദ്യുതി ലഭ്യത, ജല ലഭ്യത എല്ലാം ഉറപ്പ് വരുത്തിയിട്ടുണ്ട് . ടിപ്പിംഗ് ഏരിയ, സോർട്ടിംഗ് ഏരിയ, മെഷ്യനറി ഏരിയ എന്നിവയ്ക്കുള്ള സ്ഥലം പ്രത്യേകമായി നിലവിലുള്ള എം.സി.എഫിൽ ഇല്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പുത്തൻ ചന്തയിൽ പുതിയ എം.സി.എഫ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

എല്ലാ മാസവും ലെഗസിയും സെഗ്രഗേറ്റഡ് മാലിന്യവും ക്ലീൻ കേരള കമ്പനി കൊണ്ടുപോകുന്നുണ്ട്. അജൈവമാലിന്യങ്ങൾ തരം തിരിച്ച് സൂക്ഷിക്കുന്നതിനും അത് പരമാവധി വരുമാനം ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിത കർമ്മസേനയെ പരിശീലിപ്പിക്കേണ്ടതും ഹരിത കർമ്മസേന, ഹരിത കൺസോർഷ്യം എന്നിവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി യഥാസമയം മോണിട്ടർ ചെയ്യേണ്ടതുമാണ്.

നിലവിൽ എം.സി.എഫിൽ ഫയർ എക്സ്റ്റിൻഗ്യൂഷർ സ്ഥാപിക്കുകയും അതുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് മാസ്ക്ക്, ഗംബൂട്ട്, ഗ്ലൗസ്, റെയിൻ കോട്ട്, ക്യാപ് ,ഫസ്റ്റ് എയ്ഡ്കിറ്റ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. അഗ്നിബാധ നേരിടുന്നതിന് ഹരിതകർമ്മസേനാംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

**<u>ഓഡിറ്റ്നിർദ്ദേശങ്ങൾ</u>**

ഹരിതകർമ്മസേനയിലൂടെയും ഇതരമാർഗ്ഗങ്ങളിലൂടെയും ഗ്രാമപഞ്ചായത്ത് നടത്തികൊണ്ടിരിക്കുന്ന മാലിന്യ നിർമ്മാർജ്ജന പ്രവർത്തങ്ങൾ വിലയിരുത്തുമ്പോൾ സമ്പൂർണ്ണ മാലിന്യമുക്ത ഗ്രാമം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതും സാങ്കേതികവിദ്യകൾ ഇനിയും ലഭ്യമാക്കേണ്ടതുണ്ടെന്നും സൗകര്യപ്രദമായ

എം .സി. എഫ് ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ കൂടുതൽ വിപുലപ്പെടുത്തേണ്ടതുണ്ടെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ഈ മേഖലയിൽ കൂടുതൽ ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്തേണ്ടതും സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൻമേലുള്ള വിപുലമായ താൽപര്യം അതേ ഗൗരവത്തിൽ ഉൾക്കൊണ്ട് ഗ്രാമപഞ്ചായത്തിലെ മാലിന്യസംസ്കരണം കാര്യക്ഷമമാക്കി ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കുന്നതിന് ഹരിത കർമ്മസേനയെ പ്രാപ്തരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2023-24 | 27.05.2024 | 20.09.2024 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ്,ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തെ, സംയുക്ത പ്രോജക്ടുകളുടെ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (നം.) | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| **ബ്ലോക്ക് പഞ്ചായത്ത്, മാടപ്പള്ളി** | 2023-24 | 6,80,000/- | ലൈഫ് ഭവന പദ്ധതി (GEN) (147/24) | 6,80,000/- | 0 |
| | 2023-24 | 12,48,000/- | ലൈഫ് ഭവന പദ്ധതി (GEN) (26/24) | 12,48,000/- | 0 |
| | 2023-24 | 58,000/- | ലൈഫ് ഭവന പദ്ധതി – വസ്തു വാങ്ങൽ & ഭവന നിർമ്മാണം (ST) (34/24) | 58,000/- | 0 |
| | 2023-24 | 2,20,000/- | ലൈഫ് ഭവന പദ്ധതി – വസ്തു വാങ്ങൽ & ഭവന നിർമ്മാണം (SC) (37/24) | 2,20,000/- | 0 |
| | 2023-24 | 74,676/- | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (22/24) | 74,676/- | 0 |
| | 2023-24 | 1,10,000/- | ശാരീരിക മാനസിക വെല്ലുവിളി | 1,10,000/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്ക് സ്കോളർഷിപ്പ് (10/24) | | |
| | **ആകെ** | **23,90,676/-** | **ആകെ** | **23,90,676/-** | **0** |
| **ജില്ലാ പഞ്ചായത്ത്, കോട്ടയം** | 2023-24 | 3,20,000/- | ലൈഫ് ഭവന പദ്ധതി – വസ്തു വാങ്ങൽ & ഭവന നിർമ്മാണം (ST) (145/24) | 3,20,000/- | 0 |
| | 2023-24 | 11,40,000/- | ലൈഫ് ഭവന പദ്ധതി – വസ്തു വാങ്ങൽ & ഭവന നിർമ്മാണം (SC) (144/24) | 11,40,000/- | 0 |
| | 2023-24 | 2,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (10/24) | 2,00,000/- | 0 |
| | 2023-24 | 2,00,000/- | അങ്കണവാടി അനുപൂരക പോഷകാഹാരം (09/24) | 2,00,000/- | 0 |
| | **ആകെ** | **18,60,000/-** | **ആകെ** | **18,60,000/-** | **0** |

## <u>4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ</u>

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി, മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1) | കെ.എസ്.ഇ.ബി | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ (38/24) | 1,97,535/- | 0 | 1,97,535/- |

## <u>4-4 മൊബിലൈസേഷൻ അഡ്വാൻസ്</u>

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകകൾ ഒന്നും നൽകിയിട്ടില്ല.

## <u>4-5 വായ്പ/വായ്പ തിരിച്ചടവ്</u>

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലഭിച്ച വായ്പ തുകയുടെയും, തിരിച്ചടച്ചതിന്റേയും, വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ (KURDFC) | ജി.ഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 1,03,41,028/- | 22,80,000/- | *33,10,571/- | - | 93,10,457/- |

<u>*Source Deduction</u>
1) Development Fund General : 8,48,127/- (Proj. No : 288/24)
2) Development Fund General : 8,48,127/- (Proj. No : 293/24)
3) Development Fund General : 8,48,127/- (Proj. No : 297/24)

4) SCSP : 2,46,097/- (Proj. No : 290/24)
5) SCSP : 2,46,097/- (Proj. No : 294/24)

6) SCSP : 2,46,097/- (Proj. No : 298/24)

7) TSP : 9,299/- (Proj. No : 299/24)
8) TSP : 9,300/- (Proj. No : 289/24)
9) TSP : 9,300/- (Proj. No : 295/24)

## 4-6 സ്ഥിരനിക്ഷേപങ്ങൾ

2023-24 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം, ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം. / തീയതി |
|---|---|---|---|---|
| 2020-21 | 1-23 | 2,27,938/- | ജിയോ ഡിജിറ്റൽ ഫൈബർ പ്രൈ. ലി. | 1230401475/22.06.23 |
| 2021-22 | 1-24 | 500/- | സാനു ജലീൽ | 1230400062/11.04.23 |
| 2021-22 | 1-24 | 125/- | അക്ഷ മരിയ ബഞ്ചമിൻ | 1230400525/05.05.23 |
| 2021-22 | 1-24 | 625/- | മഞ്ജുഷാമോഹൻ | 1230400526/05.05.23 |
| 2021-22 | 1-24 | 750/- | ബിന്ദു കെ ആർ | 1230400529/05.05.23 |
| 2021-22 | 1-24 | 2400/- | ദീപ എം കുര്യാക്കോസ് | 1230400667/11.05.23 |
| 2021-22 | 1-24 | 2125/- | ഫിലിപ്പ് കെ എസ് | 1230400497/04.05.23 |
| 2021-22 | 1-24 | 3200/- | പ്രസന്നകുമാരി | 1230400691/12.05.23 |
| 2021-22 | 1-24 | 125/- | ഫാത്തിമ ജെ എസ് | 1230401496/23.06.23 |
| 2021-22 | 1-24 | 4978/- | സാബു പി പി | 1230402897/05.10.23 |
| 2021-22 | 1-24 | 250/- | മഞ്ജുഷാമോഹൻ | 1230201817/01.12.2023 |
| 2021-22 | 1-24 | 320/- | രഞ്ജിത് സി | 1230405466/01.03.24 |
| 2021-22 | 1-24 | 5310/- | വിനോദ് കെ | 1230407428/31.03.24 |
| 2020-21 | 3-1 | 1600/- | ജയശ്രീ. എസ് | 1230403667/17.11.23 |
| 2020-21 | 1-25 | 3360/- | ബീമ .എം | 1230405600/07.03.24 |
| 2021-22 | 1-33 | 5058/- | റ്റോണി തോമസ് | 1230400201/19.04.23 |
| 2021-22 | 1-33 | 2529/- | ഷാജി ആൻഡ്രൂസ് | 1230400220/20.04.23 |
| 2021-22 | 1-33 | 3653/- | പ്രദീഷ് ജേക്കബ് എബ്രഹാം | 1230400221/20.04.23 |
| | **ആകെ** | **2,64,846/-** | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

വാകത്താനം ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-3-1 | 2016-17 | അനുബന്ധം-3 | വസ്തു നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-4-1 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2015-16 | 2-8 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും

ഈടാക്കിയിട്ടില്ല. നിലവിൽ സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് ഉൾപ്പെടെയുള്ള ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 9,77,02,599/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 6,26,11,423/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | : | 15,19,71,751/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | : | 14,73,33,569/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4,88,685/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 46,150/- | ശ്രീമതി പ്രീതി രാജ്, ഹെഡ്മിസ്ട്രസ്സ് |
| 1-28 | 22772/- 174763/- | ശ്രീമതി ജസ്സിയബീവി എം.എ., സെക്രട്ടറി -ഇൻ-ചാർജ്ജ് ശ്രീ രാജേന്ദ്രകുമാർ എ., സെക്രട്ടറി |
| 1-29 | 45,000/- | ശ്രീമതി ശേളി മേരി ജോർജ്ജ്, അസി. എഞ്ചിനീയർ |
| 1-34 | 2,00,000/- | ശ്രീമതി ജസ്സിയബീവി എം.എ., സെക്രട്ടറി -ഇൻ-ചാർജ്ജ് |
| **ആകെ** | 4,88,685/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 & 2001-02 | കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/399/2022 /25.08.2022 | 2 |
| 1998-99 | എൽ.എഫ്.കെ.പി1/190/ അദാ/22.02.2011 | 1 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി8/124/2008/ 29.12.2009/08.03.2010 | 5 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1084(5)/2022 /25.08.2022 | 1 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1084(6)/2022 /25.08.2022 | 2 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി10/ അദാ.2018/86(1)/2018/01.02.2018 | 4 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1106(3)/2022 /25.08.2022 | 5 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1084(7)/2022 /25.08.2022 | 2 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1106(4)/2022 /25.08.2022 | 8 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1084(8)/2022 /25.08.2022 | 3 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1106(5)/2022 /25.08.2022 | 7 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1106(6)/2022 /25.08.2022 | 9 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി10-1396/2019 /20.05.2020/ 12.06.2020 | 33 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി10/326/2022/ 27.07.2022 | 15 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി10/1441/2022/ | 28 |

| | | |
|---|---|---|
| | 02.09.23 | |
| 2021-22 | കെ.എസ്.എ-<br>കെ.ടി.എം.പി10- 158/23<br>/30.03.24 | 25 |
| 2022-23 | കെ.എസ്.എ-<br>കെ.ടി.എം.പി10- 1943/23<br>/23.12.23 | 27 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1 dated 1(1) dated 22-05-2024 and submitted on 27-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Vakathanam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Vakathanam Grama Panchayat as on 31-03-2024

**Date: 28/10/2024** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Vakathanam Grama Panchayat for the Year 2023-2024.**

**1.Major Observations**

1) Basic records are not available to verify the accuracy of General Fund and Capital Reserves of the Panchayat as on 31.03.2024.

2) Valuation process of Panchayath assets not yet completed and Asset Register has not been updated as on 31.03.2024 as per the instruction is GO(MS) 152/2011 dated 26.07.2011.

3) Documents regarding Capital Asset and necessary work sheet in support of provision for depreciation not produced for verification (see para 1.1.5)

**2.Other Observations**

1) Adjustment details of advance amounts reflected in the head of accounts (B 18 Schedule) 460500399, 460500202, 460500204 & 460500801 were not explained. The utilization certificates are to be obtained from the implementig agencies and advance amounts are to be asjusted and inform the matter with details.

2) The ICDS Grant values accounted in (B-4) and (B-17) schedules has not been reconciled with each other.

3) The schedules (B-5) Secured Loans and (B-16) Prepaid Expenses in the Balance Sheet has not been reconciled.

4) Amounts under head of account, RP-33/340100301 (Contractors Retention) and RP-33/340200101 (Rent Deposit) do not tally with the deposit register.

5) Tax and Non tax receipts - DCB register values has not been reconciled with the AFS values.

6) Rs. 15,000/- accounted in the head of account B-9/350110199 against the item of Festival Advance, has not been adjusted so far. It may be adjusted accordingly.
7) Capital Work in Progress- Accounting, adjustment details and data were not provided.

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്